# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാലിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 5/2643/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലിയാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 5/2643/2023 തീയ്യതി: 20/12/2023

## മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 13-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 22-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ ജലീൽ. ടി. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. രാമകൃഷ്ണൻ. ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. റഷീദ്. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. സക്കീന കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മനോഹരൻ.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ ഷാഹുൽ ഹമീദ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അബ്ദുൾ കരീം പാലപ്പറ്റ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.സഹന ഇ | മെഡിക്കൽ ഓഫീസർ പി എച് സി | 01-04-2022 | 31-03-2023 |
| ഡോ സജ്‌ന ഐ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.ഹാരിസ്.പി.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ സജീവ് കുമാർ കെ എ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷബ്ന യാസ്മിൻ കെ ടി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്യാമള ദേവി കെ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി സുലൈഖ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ വിനോദ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി രജനി എം | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| | | 01-04-2022 | 18-10-2022 |
| ശ്രീ ഹരിനാഥ് ഐ എം | അസി.സെക്രട്ടറി | 19-10-2022 | 31-03-2023 |
| ശ്രീ. ഷിബാഹുദ്ദീൻ. എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തുക വ്യത്യാസം | 1-1-5 |
| 7 | ടൂർ ടി എ -വിവരം ലഭ്യമല്ല. | 1-1-6 |
| 8 | Advance To MGNREGS Administrative Expenses ഇനത്തിൽ തുക വ്യത്യാസം | 1-1-7 |
| 9 | Advance To Implementing Officers ഇനത്തിൽ തുക വ്യത്യാസം | 1-1-8 |
| 10 | Advance To Others ഇനത്തിൽ തുക വ്യത്യാസം | 1-1-9 |
| 11 | പഞ്ചായത്ത് ഫണ്ട് -ജനറൽ ഫണ്ട് ഇനത്തിൽ തുക വ്യത്യാസം | 1-1-10 |
| 12 | മുൻ വർഷ വാർഷികകണക്കിൽ രേഖപ്പെടുത്തിയ ബാധ്യത തുകകൾ തൻവർഷ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-11 |
| 13 | സി എഫ് സി ടൈഡ്,അൺടൈഡ് ഇനത്തിൽ തുക വ്യത്യാസം | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | തനത് വിഭവസമാഹരണം- അവലോകനം | 1-11 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം. | 1-12 |
| 25 | വസ്തു നികുതി നിർണ്ണയം -അപാകതകൾ | 1-13 |
| 26 | സ്വിമ്മിംഗ്പൂളിന്റെ തറവിസ്തീർണത്തിന് വസ്തുനികുതി ഈടാക്കിയില്ല. | 1-13-1 |
| 27 | വസ്തു നികുതി - ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നിർണ്ണയിച്ചില്ല | 1-13-2 |
| 28 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-14 |
| 29 | വാടക -അപാകതകൾ | 1-15 |
| 30 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-16 |
| 31 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയത് - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച്. | 1-17 |
| 32 | കെട്ടിട നിർമ്മാണ ക്രമവത്കരണം - അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച്. | 1-18 |
| 33 | തൊഴിലുറപ്പ് പദ്ധതിയിൽ കോഴിക്കൂട് നിർമ്മാണം - അപാകതകൾ | 1-19 |
| 34 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - അധിക തുക അനുവദിച്ചു - 2,20,000/- രൂപ നഷ്ടം. | 1-20 |
| 35 | പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം (വ്യക്തിപരം) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-21 |
| 36 | പി.എം.എ.വൈ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 37 | തെരുവ് നായ നിയന്ത്രണം - വാക്സിനേഷനും അനുബന്ധ ചെലവുകളും - അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ചു. | 1-23 |
| 38 | ചിങ്ങം 1 കർഷക ദിനാചരണം-അനുമതിയില്ലാത്ത പദ്ധതി നടപ്പാക്കി. | 1-24 |
| 39 | വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങലുകൾ നടത്തി. | 1-25 |

| | | |
|---|---|---|
| 40 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അപാകതകൾ. | 1-26 |
| 41 | അനുപൂരക പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-27 |
| 42 | ഗുണഭോക്തൃസമിതി പ്രവൃത്തി - ഓവർഹെഡ് ചാർജ്ജ് അധികം നൽകി | 1-28 |
| 43 | അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി - കരാറുകാരന് അധിക തുക നൽകി, 11714 രൂപയുടെ അധികച്ചെലവ് | 1-29 |
| 44 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 1727 രൂപ | 1-30 |
| 45 | ചെയ്യാത്ത പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി പാർട്ട് ബിൽ നൽകി; വിശദീകരണം നൽകേണ്ടതാണ്. | 1-31 |
| 46 | പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 47 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 8117 രൂപയുടെ അധികച്ചെലവ്. | 1-33 |
| 48 | റോഡ് ടാറിങ് , സീൽ കോട്ട് പ്രവൃത്തിക്ക് അധിക തുക നൽകി.6500 രൂപയുടെ അധികച്ചെലവ് | 1-34 |
| 49 | ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി; 1986 രൂപയുടെ അധികച്ചെലവ്. | 1-35 |
| 50 | പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പാർട്ട് ബില്ലിൽ നിന്ന് റിടെൻഷൻ തുക കുറവ് ചെയ്തില്ല. | 1-36 |
| 51 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-37 |
| 52 | കെട്ടിട നിർമാണ പ്രവൃത്തികൾ | 1-37-1 |
| 53 | റോഡ് പ്രവൃത്തി | 1-37-2 |
| 54 | കുടിവെള്ള പദ്ധതികൾ | 1-37-3 |
| 55 | മറ്റുള്ളവ | 1-37-4 |
| 56 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-38 |
| 57 | എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-39 |
| 58 | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-40 |
| 59 | സാക്ഷരതാമിഷൻ തുടർപ്രവർത്തനം- രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-41 |
| 60 | ഗ്രാമപഞ്ചായത്തിന്റെ ട്രാക്ടർ ലേലം ചെയ്തില്ല. | 1-42 |
| 61 | ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-43 |
| 62 | മാലിന്യസംസ്കരണത്തിന് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പ്രവർത്തന സജ്ജമായില്ല. | 1-44 |
| 63 | ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ | 1-45 |
| 64 | മുറ്റത്തൊരു മൽസ്യത്തോട്ടം (എസ് ടി ) പദ്ധതി - ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. | 1-46 |
| 65 | അഗതി രഹിത കേരളം പദ്ധതി - അവലോകനം | 1-47 |
| 66 | ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് | 1-48 |
| 67 | മുൻകൂറുകൾ ക്രമീകരിച്ചില്ല | 1-49 |
| 68 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് – വിവരം ലഭ്യമാക്കിയില്ല. | 1-50 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി - കരാറുകാരന് അധിക തുക നൽകി, 11714 രൂപയുടെ അധികച്ചെലവ് | 3-1 |
| 2 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 8117 രൂപയുടെ അധികച്ചെലവ്. | 3-2 |
| 3 | റോഡ് ടാറിങ് , സീൽ കോട്ട് പ്രവൃത്തിക്ക് അധിക തുക നൽകി.6500 രൂപയുടെ അധികച്ചെലവ് | 3-3 |
| 4 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - അധിക തുക അനുവദിച്ചു - 2,20,000/- രൂപ നഷ്ടം. | 3-4 |
| 5 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - 21,700/- രൂപയുടെ അധികച്ചെലവ്. | 3-5 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20-07-2023 ലെ 2/1 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.09.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി
ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തീയതി: 20-12-2023

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സ്ഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (20412247)ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും(11590254) തുല്യമല്ല.

### 1-1-5 ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തുക വ്യത്യാസം

ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻവർഷ വരവ് വാർഷികകണക്ക് പ്രകാരം 95,59,800 രൂപ ആയത് എ സി ആർ പ്രകാരം 1,04,29,000 രൂപ വ്യത്യാസം 8,69,200 രൂപ .

### 1-1-6 ടൂർ ടി എ -വിവരം ലഭ്യമല്ല.

ടൂർ ടി എ ഇനത്തിൽ 20,500 രൂപ അഡ്വാൻസ് രജിസ്റ്റർ സംഗ്രഹത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം രജിസ്റ്ററിൽ ലഭ്യമല്ല. ആയതിനാൽ വാർഷിക കണക്കിൽ (ഷെഡ്യൂൾ B-18ൽ) രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

### 1-1-7 Advance To MGNREGS Administrative Expenses ഇനത്തിൽ തുക വ്യത്യാസം

Advance To MGNREGS Administrative Expenses ഇനത്തിൽ മുൻ വർഷത്തെ വാർഷികകണക്ക് പ്രകാരം നീക്കിയിരിപ്പില്ല. എന്നാൽ തൻവർഷം മുന്നിരിപ്പ് ഇനത്തിൽ അഡ്വാൻസ് രജിസ്റ്ററിൽ 13,26,322 രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-8 Advance To Implementing Officers ഇനത്തിൽ തുക വ്യത്യാസം

Advance To Implementing Officers ഇനത്തിൽ മുൻ വർഷത്തെ വാർഷികകണക്ക് അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം നീക്കിയിരിപ്പ് 2,11,470 രൂപ എന്നാൽ തൻവർഷം മുന്നിരിപ്പ് ഇനത്തിൽ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് 1,71,102രൂപ

### 1-1-9 Advance To Others ഇനത്തിൽ തുക വ്യത്യാസം

Advance To Others ഇനത്തിൽ മുൻ വർഷത്തെ വാർഷികകണക്ക് അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം നീക്കിയിരിപ്പ് 15,34,973 രൂപ എന്നാൽ തൻവർഷം മുന്നിരിപ്പ് ഇനത്തിൽ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് 1,40,119രൂപ

### 1-1-10 പഞ്ചായത്ത് ഫണ്ട് -ജനറൽ ഫണ്ട് ഇനത്തിൽ തുക വ്യത്യാസം

പഞ്ചായത്ത് ഫണ്ട്-ജനറൽ ഫണ്ട് ഇനത്തിൽ 44,46,912 രൂപയും ,Exess Of Income Over Expenditure ഇനത്തിൽ 65,69,674രൂപയുമാണ് 31.03.23 ന് നീക്കിയിരിപ്പായി ഉള്ളത് (മുൻവർഷത്തെ വാർഷിക കണക്ക് പ്രകാരം). എന്നാൽ തൻവർഷം മുന്നിരിപ്പായി ആയത് യഥാക്രമം 37,04,514 രൂപയും, 65,69,674 രൂപയുമാണ് തൻവർഷ വാർഷികകണക്കിൽ രേഖപ്പെടുത്തിയത്. പഞ്ചായത്ത് ഫണ്ട്-ജനറൽ ഫണ്ട് ഇനത്തിൽ 37,04,514 രൂപയും, Exess Of Income Over Expenditure ഇനത്തിൽ 65,69,674 രൂപയുമാണ് 31.03.23 ന് നീക്കിയിരിപ്പായി ഉള്ളത്(ട്രയൽ ബാലൻസ് പ്രകാരം). എന്നാൽ ആയത് ഷെഡ്യൂൾ B 1 പ്രകാരം യഥാക്രമം (-)37,04,514 രൂപയും, 53,63,070 രൂപയുമാണ്. തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-11 മുൻ വർഷ വാർഷികകണക്കിൽ രേഖപെടുത്തിയ ബാധ്യത തുകകൾ തൻവർഷ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

മുൻ വർഷ വാർഷികകണക്കിൽ രേഖപ്പെടുത്തിയ (ഷെഡ്യൂൾ B-4ൽ) താഴെ പറയുന്ന ബാധ്യത തുകകൾ തൻവർഷ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ആയത് സബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

| | |
|---|---|
| Contributions For Joint Venture Project From Block Panchayath (For Revenue Expenditure) | 3,68,587 |
| Contributions For Joint Venture Project From District Panchayath (For Revenue Expenditure) | 16108 |
| Contributions For Other Specific Purposes (For Revenue Expenditure) | 27,600 |

### 1-1-12 സി എഫ് സി ടൈഡ്,അൺടൈഡ് ഇനത്തിൽ തുക വ്യത്യാസം

സി എഫ് സി ടൈഡ് (39,01,005),അൺടൈഡ് (7,87,467) ഇനത്തിൽ ആകെ നീക്കിയിരിപ്പ് തുക ഷെഡ്യൂൾ B-4 പ്രകാരം 46,88,467 രൂപ( 39,01,005 + 7,87,467).എന്നാൽ ആയത് പ്രസ്തുത അക്കൗണ്ട് പ്രകാരം (അക്കൗണ്ട് നം. 40171101068010 കേരള ഗ്രാമീൺ ബാങ്ക് -ഷെഡ്യൂൾ B-17ൽ) 70,08,875 രൂപ വ്യത്യാസം 23,20,408 രൂപ . കാരണം വ്യക്തമല്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 24.03.2022 | 2/1 തീയതി21.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,24,52,437 |
| വരവ് | 9,91,76,648 |
| ആകെ | 22,16,29,085 |

| | |
|---|---|
| ചെലവ് | 17,87,64,401 |
| നീക്കിയിരിപ്പ് | 4,28,64,684 |

(കുറിപ്പ്- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ തുകകളോടൊപ്പം ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.)

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23879825 | 23879825 | 22451223 | 1428602 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 3679878 | 3679878 | 3661697 | 18181 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 6598646 | 6598646 | 6598646 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 13446000 | 13446000 | 3581402 | 9864598 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6632000 | 6632000 | 4962937 | 1669063 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 9463232 | 9463232 | 7006495 | 2456737 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 5247281 | 5247281 | 4164835 | 1082446 |
| ബി ഫണ്ട് | 0 | 33864000 | 33864000 | 33864000 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 262 | 224600048 | 191 | 96871790 | 0 | 71 | 72.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 302303 | 204480 | 506783 | 502764 | 4019 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 44265473 | 44265473 | 44265473 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2959800 | 1939 |
| വിധവാ പെൻഷൻ | 10036600 | 6321 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 16558400 | 10820 |
| വികലാംഗ പെൻഷൻ | 3554800 | 2282 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 694400 | 434 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.23 ന് 11.25 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28439 /- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.

2. ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3).ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. മോണിറ്ററിംഗ് കമ്മിറ്റികൾ ഓരോ പ്രോജക്ടുകളും മോണിറ്റർ ചെയ്യേണ്ടതും റിപ്പോർട്ടുകൾ പ്രൊജക്റ്റ് ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.11.2022 | 10/2022 | 24.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2023 | 2018മുതൽ 2023വരെ | 20.10.2023 |

## 1-11 തനത് വിഭവസമാഹരണം- അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 17 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെയും നികുതിയേതര വരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയുടെ പിരിവ് ഊർജിതമാക്കുന്നതിന് 20.05.2022 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചു. തുടർന്ന് 20.09.2022 തീയ്യതിയിലെ യോഗത്തിൽ ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് തീരുമാനിച്ചു. 2022-23 ൽ വാർഷിക കണക്ക് പ്രകാരം നികുതിയിനത്തിൽ 8964/-രൂപ പിരിച്ചെടുക്കാനുണ്ട്.

18-6-22 ലെ യോഗത്തിൽതീരുമാനം2 (അജണ്ട 2) പ്രകാരം വാസഗൃഹങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ച് പിന്നീട് ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തി റിസോർട്ടായും ഹോംസ്റ്റേയായും തരം മാറ്റി ഉപയോഗിക്കുന്നതായും ഇത് വഴി പഞ്ചായത്തിന് വരുമാനചോർച്ച ഉണ്ടാകുന്നതായും യോഗം വിലയിരുത്തി. തുടർന്ന് 8-7-22 യോഗത്തിൽ എല്ലാ വാർഡുകളിലെയും മെമ്പർമാർ

ഉൾപ്പെടെയുള്ള ആളുകളുടെ സഹായത്താൽ പരിശോധന നടത്തി നികുതി ചോർച്ച തടയുന്നതിന് നടപടി എടുക്കാൻ തീരുമാനിച്ചു. എന്നാൽ ആയതിന്റെ തുടർനടപടി വിവരം ലഭ്യമായിട്ടില്ല.
സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**വസ്തുനികുതി**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 22-05-22 ലെ 4ാം തീരുമാനപ്രകാരം 10-4-23 ലെ SRO 479/2023 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള നികുതി നിരക്ക് മൂലം പൊതുജനത്തിന് അധികഭാരം ഉണ്ടാകുമെന്നും ആയതിനാൽ വസ്തു നികുതി നിരക്കുകൾ പുനപരിശോധിക്കുന്നതിന് സർക്കാറിനോട് അപേക്ഷിക്കുന്നതിനും മറുപടി ലഭ്യമാകുന്നത് വരെ വസ്തുനികുതി പുതുക്കിനിശ്ചയിക്കേണ്ടതില്ലെന്നും യോഗം തീരുമാനിച്ചു. 16-6-23ൽ ഈ തീരുമാനം P102/2023 നമ്പർ കത്ത് പ്രകാരം സർക്കാറിലേക്കയച്ചു. തുടർന്ന് 12-10-2023 ലെ 2(1) തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്താൻ താത്കാലികമായി തീരുമാനമെടുത്തിട്ടുണ്ട്.
2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 05.10.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 2(1) നമ്പർ തീരുമാന പ്രകാരം കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം താത്ക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. മേൽ ഭരണ സമിതി തീരുമാനങ്ങൾ 400838/PTDC01/GPO/2023/2260 തിയ്യതി 17.10.2023 നമ്പർ കരട് വിജ്ഞാപനമായി പുറപ്പെടുവിച്ച് പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി രണ്ടു പത്രത്തിൽ കൂടി അറിയിപ്പ് നൽകേണ്ടതാണ്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ ഈ മാറ്റം വരുത്താവുന്നതാണ്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.
3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. ഇത് കാരണം, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിലവിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയാണ് ചെയ്യുന്നത്..
4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 104അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ചാലിയാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

3. 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി വ്യാപാര ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല, പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് എടുക്കുവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. വ്യാപാര ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 225 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വാടക

ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 1,85,106/-രൂപ വരവ് ഉണ്ട്.

മറ്റിനങ്ങൾ

ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനത്തിൽ 400/-രൂപ വരവ് ഉണ്ട്.

ഇത് സബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (27/21-11-23) ന് മറുപടി ലഭ്യമായില്ല.ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി ഫയൽ/പുനരഭിപ്രായക്കുറിപ്പ് പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ഡെപ്പോസിറ്റ് തുകയുടെ പ്രവൃത്തി പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല.

| ക്രമ നം. | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | 201/18 പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ | 2017-18 | KSEB | 15,07,500 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 15,07,500 |

| | ഡെപ്പോസിറ്റ് ചെയ്യുത്. | | | | | |
|---|---|---|---|---|---|---|

മേൽ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/21.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 വസ്തു നികുതി നിർണ്ണയം -അപാകതകൾ

പഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ശ്രീ. മുഹമ്മദ് ഷരീഫ് & ഉബൈദുള്ള എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പറിങ്ങിനായുള്ള 13.7.2022ലെ S2-940/2022 നമ്പർ അപേക്ഷ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്.എന്നാൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | കുറിപ്പ് |
|---|---|---|
| ശ്രീ. മുഹമ്മദ് ഷരീഫ് & ഉബൈദുള്ള | 1/124G (റിസോർട്ട്) 75ച മീ<br>1/124H(റിസോർട്ട്) 46ച മീ<br>1/124J(റിസോർട്ട്) 43.08ച മീ | ഈ പ്ലോട്ടിലേക്കുള്ള റോഡ് പഞ്ചായത്ത് ആസ്തി രജിസ്റ്റർ പ്രകാരം 5.5 മീറ്റർ വീതിയുണ്ട് എന്ന് അസി. എഞ്ചിനീയർ 16-7-23ലെ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br>ഇതേ പ്ലോട്ടിലും ഇതേ ഉടമസ്ഥതയിലും സ്ഥിതി ചെയ്യുന്ന 1/124K കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ പ്രവേശനമാർഗ്ഗം<br>5.5 മീ വീതിയുള്ള റോഡിൽ നിന്നും ആണ്.ആയത് പ്രകാരം നികുതിയിൽ 20% വർദ്ധനവ് ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചത്. |

2)2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3(3) പ്രകാരം ഒരു കെട്ടിടത്തോട് അനുബന്ധിച്ച് സ്വിമ്മിംഗ്പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ മേൽ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം കെട്ടിടത്തിനോട് അനുബന്ധിച്ച് 6x12=72 $M^2$ വിസ്തീർണ്ണമുള്ള സ്വിമ്മിംഗ് പൂൾ ഉള്ളതായി കാണുന്നു. എന്നാൽ സ്വിമ്മിംഗ് പൂളിന് വസ്തു നികുതി ഈടാക്കിയില്ല. ആയതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/18-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13-1 സ്വിമ്മിംഗ്പൂളിന്റെ തറവിസ്തീർണത്തിന് വസ്തുനികുതി ഈടാക്കിയില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3(3) പ്രകാരം ഒരു കെട്ടിടത്തോട് അനുബന്ധിച്ച് സ്വിമ്മിംഗ്പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ ശ്രീ. ഹനീഫ, സുബൈർ എന്നവരുടെ ഉടമസ്ഥതയിലുള്ള .2185 ഹെക്ടർ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച്(1/372-2 റീസർവ്വെ നമ്പർ)റിസോർട്ട് ഗണത്തിലുള്ള കെട്ടിട നമ്പറിങ്ങിനായുള്ള അപേക്ഷ പരിശോധിച്ചതിൽ (A2-2193/2022/21-10-22) കെട്ടിടത്തിന് മൊത്തം 267.22$m^2$ വിസ്തീർണ്ണത്തിന് വസ്തു നികുതി(80/ച മീ) ഈടാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം കെട്ടിടത്തിനോട് അനുബന്ധിച്ച് 6x12=72 $M^2$ വിസ്തീർണ്ണമുള്ള സ്വിമ്മിംഗ് പൂൾ ഉള്ളതായി കാണുന്നു. എന്നാൽ സ്വിമ്മിംഗ് പൂളിന് വസ്തു നികുതി ഈടാക്കിയില്ല. ഇത് പാലിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/17-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13-2 വസ്തു നികുതി - ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നിർണ്ണയിച്ചില്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ശ്രീ. വീരാൻ, നാലകത്ത് എന്ന വ്യക്തിയുടെ S-121/1A-3-2 റീ സർവേ നമ്പറിലുള്ള (.1498 ഹെക്ടർ) സ്ഥലത്ത് നിർമ്മിച്ച പെട്രോൾ പമ്പിന് നികുതി നിർണ്ണയിച്ചപ്പോൾ മുഴുവൻ ഭാഗത്തിനും നികുതി നിർണ്ണയിച്ചില്ല. കംപ്ലീഷൻ പ്ലാൻ പ്രകാരം ടോയ്‌ലറ്റ് ബ്ലോക്ക് ഉൾപ്പെടെ ആകെ 52.87ചമീ (40.9+11.97)കനോപ്പി ഏരിയ ഒഴികെ) ആണ് തറ വിസ്തീർണ്ണം. എന്നാൽ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയപ്പോൾ 40.9 ചമീ വരെ ഉള്ള സെയിൽസ് ഏരിയക്ക് മാത്രം നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ(7/208A) അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/18-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അപാകത |
|---|---|---|
| 1 | DTPC ആഢ്യൻപാറ | ടി സ്ഥാപനത്തിലെ 2022-23 ലെ 1,2 അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. |
| 2 | RANGE FOREST OFFICE,AKAMBADAM | ടി സ്ഥാപനത്തിലെ 2022-23 ലെ 2ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. |
| 3 | BSNL | ടി സ്ഥാപനത്തി ന്റെ 22-23 ലെ 1,2അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. |

മേൽ അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/21-11-23) ക്രമ നം 1, 2 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും/ജീവനക്കാരും ചട്ടപ്രകാരം നികുതി അടവാക്കുന്നു എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ചതിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 വാടക -അപാകതകൾ

ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 13/719 A, 720 A, 720 B, 720 C എന്നീ നമ്പർ കെട്ടിടങ്ങളിൽ 26-08-2013 മുതൽ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ അകമ്പാടം ഓഫീസായി പ്രവർത്തിക്കുന്നു. 26.08.2013 മുതൽ നാളിതുവരെയും 5900/- രൂപ നിരക്കിലാണ് മാസ വാടക ഈടാക്കിയിട്ടുള്ളത്. ഭരണസമിതിയുടെ 25-8-2022ലെ 2/1 തീരുമാന പ്രകാരം 2020-21 മുതൽ 5% വർദ്ധനവോട് കൂടി വാടക പുതുക്കി നിശ്ചയിച്ച് പിഴപ്പലിശ സഹിതം കുടിശ്ശിക ഈടാക്കുന്നതിന് തീരുമാനമെടുത്തെങ്കിലും ആയത് നാളിതുവരെ നടപ്പാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ASST. ENGINEER നിലമ്പൂരിനയച്ച 25-8-2023ലെ 400838/RME102 /GPO/2022/2839(3) കത്ത് പ്രകാരം 56568/-രൂപ കുടിശ്ശിക ഈടാക്കാനുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല. വാടകക്ക് ജി.എസ്.ടി ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കുന്നുമില്ല. മേൽ അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/21-11-23)മറുപടി ലഭ്യമാക്കിയില്ല.കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ശ്രീ.അബൂബക്കർ മലാക്കുഴിയിൽ, ജനതാറോഡ്, വൈറ്റില എന്നവർക്ക് 2022-23 ൽ റിസോർട്ട് നടത്തുന്നതിന് ചുവടെ ചേർത്ത പ്രകാരം ലൈസൻസ് പുതുക്കി അനുവദിച്ചിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര്/ലൈസൻസ് നം/ | സഞ്ചയ പ്രകാരമുള്ള വിവരം<br>വാർഡ്/കെട്ടിട നമ്പർ , തരം |
|---|---|
| Sattva ,The Awakening Garden Resort<br>245/14/448 | 1/126A-264 ചമീ(വാണിജ്യം)<br>1/126B-20.21(റിസോർട്ട്)<br>1/126C-29.7(റിസോർട്ട്)<br>1/126D-31.14(റിസോർട്ട്)<br>1/126E-170.46(ലോഡ്ജ്)<br>1/126F-162.88(ലോഡ്ജ്)<br>1/126G-254.91(ലോഡ്ജ്)<br>1/126H-187.92(വാണിജ്യം)<br>1/126I-89.8(വാണിജ്യം)<br>1/126J-409.2(ലോഡ്ജ്)<br>1/126K-266.2(ലോഡ്ജ്)<br>1/126L-266.2(ലോഡ്ജ്)<br>1/126M-81.32(ലോഡ്ജ്)<br>1/126N-49.71(ലോഡ്ജ്) |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

മേൽ കെട്ടിട നമ്പറുകളിൽ 1/126,B,C,D ഒഴികെ ബാക്കി കെട്ടിട നമ്പറുകളെല്ലാം മറ്റ് ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി റിസോർട്ടുകൾ എന്ന ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 80 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു റിസോർട്ട് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതി ഇനത്തിൽ നഷ്ടത്തിനും കാരണമാകുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(26/21-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയത് - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾ പട്ടികയിൽ ചേർത്ത വ്യക്തികൾക്ക് വാടകക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ശ്രീമതി റംലത്ത് പി<br>മടത്തൊടിക, ആനപ്പാറ | 13/661,662,663 |
| 2 | ശ്രീ ഗഫൂർ<br>S/oഉമ്മർ, കരപ്പാളി | 13/655 |

2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മേൽ പട്ടികയിലെ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നുള്ള അനുമതിയോട് കൂടിയല്ല പ്രവർത്തിക്കുന്നത് എന്നാണ് വ്യക്തമാവുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മതിയായ അനുമതിയോട് കൂടിയല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(22/21-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ നിന്നുള്ള അനുമതിയോട് കൂടി മാത്രമേ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-18 കെട്ടിട നിർമ്മാണ ക്രമവത്കരണം - അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച്.**

2022-23 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി അപേക്ഷിച്ച താഴെ പറയുന്ന ഫയലുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. അപേക്ഷയിലെ അപാകതകൾ പരാമർശിച്ച് കൊണ്ടും അറിയിപ്പ് ലഭിച്ച് നിശ്ചിത ദിവസത്തിനകം അപാകത പരിഹരിച്ച് സമർപ്പിക്കാത്ത പക്ഷം അപേക്ഷ ക്ലോസ് ചെയ്യുന്നതാണ് എന്നറിയിച്ച് കൊണ്ടും നോട്ടീസ് അയക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അപേക്ഷ നിരസിക്കുകയാണെങ്കിൽ ഈ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടങ്ങൾ പൊളിച്ച് നീക്കുകയോ അപാകത പരിഹരിച്ച് നിർമ്മാണം ക്രമവത്കരിക്കുകയോ ചെയ്യുന്നത് വരെ UA നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതുമായിരുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടയുടമയുടെ പേരും വിലാസവും. | കെട്ടിടത്തിന്റെ വിവരം. | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | അബ്ദുൽ ജലീൽ ഷാനവാസ് &ശശീന്ദ്രൻ<br>ചെവിടിക്കുന്നൻ,മമ്പാട് | വ്യവസായ കെട്ടിടം<br>400838/BRRL01 /GPO/2022 /3830/23-12-22<br>-344.9ച മീ | ഫയർ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, PCB കൺസെന്റ്, കെട്ടിടത്തിന്റെ ഉയരം സംബന്ധിച്ച അപാകത എന്നിവ പരിഹരിക്കേണ്ടതുണ്ട് (കത്ത് തീയതി: 01-07-2023) എന്ന് അപേക്ഷകനെ അറിയിച്ചു. എന്നാൽ അനധികൃത നിർമ്മാണത്തിനെതിരായ നിയമാനുസൃത നടപടികളൊന്നും സ്വീകരിക്കുകയോ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. |
| 2 | റഷീദ് &ഫിറോസ് ഖാൻ ,തലക്കോട്ടുപുറത്ത് | 400838/BRMC01 /GPO/2022/1043 13-07-22<br>വാണിജ്യ ഷെഡ്ഡ്<br>229.12 ചമീ | വനം വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് 01-06-2023ന് അപേക്ഷകനെ അറിയിച്ചു. എന്നാൽ അനധികൃത നിർമ്മാണത്തിനെതിരായ നിയമാനുസൃത നടപടികളൊന്നും സ്വീകരിക്കുകയോ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. |
| 3 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ചർ | പെർമിറ്റ് നമ്പർ<br>A2-BA(42594)/2021 /22-01-21 | Aviation Waning Light, കളർ കോഡ് എന്നിവ ചെയ്തിട്ടില്ല എന്ന അപാകത അപേക്ഷകനെ അറിയിച്ച (കത്ത് |

| | | | |
|---|---|---|---|
| | | | തീയതി:14-05-2023)<br>09-11-2022ലെ ADP യുടെ DDP-MPM/683/2020- D9 കത്തിൽ ടി ടവറുകൾ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ് എന്ന് അറിയിച്ചിട്ടുണ്ട് . എന്നാൽ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 4 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ചർ | A2-BA(141056)/2021 /7-7-21 | Aviation Waning Light,കളർ കോഡ് എന്നിവ ചെയ്തിട്ടില്ല എന്ന അപാകത അപേക്ഷകനെ അറിയിച്ചു. (കത്ത് തീയതി:08-05-2023).<br>09-11-2022ലെ ADP യുടെ DDP-MPM/683/2020- D9 കത്തിൽ ടി ടവറുകൾ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ് എന്ന് അറിയിച്ചിട്ടുണ്ട് . എന്നാൽ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 5 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ചർ | BA-104263/2019/ 17-5-2019 | 09-11-2022ലെ ADP യുടെ DDP-MPM/683/2020- D9 കത്തിൽ ടി ടവറുകൾ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. |

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/20.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതിയിൽ കോഴിക്കൂട് നിർമ്മാണം - അപാകതകൾ

തൊഴിലുറപ്പ പദ്ധതിയിൻ കീഴിൽ 2022-23 വർഷത്തിൽ 10 വ്യക്തികൾക്ക് കോഴികൂട് നിർമ്മിച്ച നൽകിയിട്ടുണ്ട്. ആയതിൽ ആയിഷ കുത്രാടൻ അകമ്പാടം എരഞ്ഞിമങ്ങാട് പി ഒ, ബീന പാലക്കയം കോളനി , കല്ല്യാണി പാലക്കയം കോളനി എന്നീ ഗുണഭോക്താക്കളുടെ കോഴികൂടുകൾ നേരിൽ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ വ്യക്തമായി.

1) ഇനം നം. (1 ) ൽ കോഴിക്കൂട് നിർമ്മാണത്തിന് 2 X3.00x 0.50x 0.30, 2x1.20x0.500.30 അളവിൽ മൺപണി ചെയ്തതായി രേഖപ്പെടുത്തി തുക അനവദിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി

2)ഇനം (1 ) പ്രവൃത്തി ചെയ്തിട്ടില്ലാത്തതിനാൽ ഇനം (2 ) പ്രകാരം ഇതേ അളവിലുള്ള Solid Block Masonary Using Pre Cast Solid Blocks പതിക്കൽ പ്രവൃത്തിയും ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി. എന്നാൽ ആയതും ചെയ്തതായി കാണിച്ച് തുക

അനുവദിച്ചിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിനും , യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി കണക്കാക്കാതെ തുക നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്

3)ഇനം (3) പ്രകാരം കോഴിക്കൂടിന്റെ മേൽക്കൂര സ്റ്റീൽ ഹോളോ റ്റ്യൂബ് ,സ്റ്റീൽ ഹോളോ പൈപ്പ് എന്നിവ ഉപയോഗിച്ചാണ് നിർമിച്ചിട്ടുള്ളത്. വിവിധ അളവിലുള്ള സ്റ്റിൽ ഹോളോ പൈപ്പുകൾ ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത് .എന്നാൽ എല്ലാ പൈപ്പുകൾക്കും ഒരു മീറ്ററിന് ഒരു കിലോഗ്രാം എന്ന തൂക്കമാണ് എടുത്തിട്ടുള്ളത്. അപ്രകാരം കണക്കാക്കിയാണ് തുക നൽകുകയും ചെയ്തിട്ടുള്ളത്. യഥാർഥത്തിൽ ഓരോ ഇനം സ്റ്റീൽ ഹോളോ പൈപ്പിനും ആയതിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചിട്ടുള്ള തൂക്കമാണ് കണക്കാക്കേണ്ടിയിരുന്നത്. പ്രവൃത്തിക്ക് ഉപയോഗിച്ച സ്റ്റീൽ ഹോളോ പൈപ്പിന്റെ സ്പെസിഫിക്കേഷൻ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ തന്നെ ഒരു മീറ്ററിന് യഥാർത്ഥ തൂക്കം കണക്കാക്കാതെയാണ് തുക നൽകിയിട്ടുള്ളത് എന്ന് വ്യക്തമാണ്.

4) ഇനം (4 ) പ്രകാരം Wire Mesh കോഴിക്കൂട് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. Wire Meshന്റെ കാര്യത്തിൽ ഒരു M2 ന് 424.80 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്.എന്നാൽ Wire Mesh ഉണ്ടാക്കിയത് ഏത് അളവിലുള്ള കമ്പി ഉപയോഗിച്ചിട്ടാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, കമ്പികൾ തമ്മിലുള്ള അകലം, വ്യാസം എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ ഫ്രെെം വെച്ചിട്ടുള്ളതിനും ഏത് അളവിലുള്ള കമ്പി ഉപയോഗിച്ചിട്ടാണെന്ന് രേഖപ്പെടുത്താതെ ഒരു M2ന് 424.80 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 46/22-23/ 22.11.23 -മറുപടി ലഭ്യമാക്കിയില്ല.)

## 1-20 ലൈഫ് ഭവന നിർമ്മാണ പദ്ധതി - അധിക തുക അനുവദിച്ചു - 2,20,000/- രൂപ നഷ്ടം.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | വി.ഇ.ഒ. |
| പ്രൊജക്ട് നമ്പർ | 51/23 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണ പദ്ധതി - പട്ടികവർഗ്ഗം. |
| അടങ്കൽ തുക | 2,12,00,000/- രൂപ |
| ചെലവഴിച്ച തുക | 1,70,667/- രൂപ (വികസന ഫണ്ട് - ടി.എസ്.പി)<br>93,00,000/- രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>75,00,000/- രൂപ (ലോൺ)<br>3,60,000/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)<br>29,333/- രൂപ (തനത് ഫണ്ട്) |
| ആകെ | 1,73,60,000 |

ലൈഫ് മിഷൻ ഭവനപദ്ധതി പ്രകാരം എസ്.ടി വിഭാഗത്തിന് അധിക സഹായമുൾപ്പെടെ അനുവദിക്കാവുന്ന പരമാവധി ധനസഹായം 6,00,000/- രൂപയാണ്. എന്നാൽ ശ്രീ.ശ്രീരാജ്, S/o.രാമൻ, പാലക്കയം കോളനി, ഇടിവണ്ണ.പി.ഒ എന്ന ഗുണഭോക്താവിന് 7,40,000/- രൂപയും ശ്രീമതി.വാസന്തി.കെ.ആർ, W/0.പ്രകാശ്, തരിപ്പപൊയിൽ ഹൗസ്, കക്കാടംപൊയിൽ, കൂടരഞ്ഞി.പി.ഒ എന്ന ഗുണഭോക്താവിന് 6,80,000/- രൂപയും അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1). ശ്രീ.ശ്രീരാജ്, S/o.രാമൻ

| ക്രമ നമ്പർ | വൌച്ചർ നമ്പർ / തീയതി | ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|---|
| 1 | 2021-22 / 12.10.2021 (Plan) | 40,000/- |
| 2 | 2021-22 / 27.01.2022 (Plan) | 40,000/- |
| 3 | 2021-22 / 24.02.2022 (DP) | 40,000/- |
| 4 | 22200072 / 06.05.2022 (SS) | 40,000/- |
| 5 | 22200597 / 15.11.2022 (SS) | 60,000/- |
| 6 | 22200872 / 14.02.2023 (SS) | 1,00,000/- |
| 7 | 222010919 / 31.03.2023 (SS) | 1,60,000/- |
| 8 | 2023-24 / 06.07.2023 (Loan) | 1,00,000/- |
| 9 | 22200159 / 18.06.2022 | 1,60,000/- |
| ആകെ | | 7,40,000/- |

2). ശ്രീമതി.വാസന്തി.കെ.ആർ, W/0.പ്രകാശ്.

| ക്രമ നമ്പർ | വൌച്ചർ നമ്പർ / തീയതി | ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1 | 2021-22 / 12.10.2021 (Plan) | 40,000/- |
| 2 | 2021-22 / 27.01.2022 (S.S) | 40,000/- |
| 3 | 22200072 / 06.05.2022 (S.S) | 60,000/- |
| 4 | 22150752026201084146 / 24.01.2023 (DP) | 20,000/- |
| 5 | 22201078 / 31.03.2023 (S.S) | 1,00,000/- |
| 6 | 22201079 / 29.03.2023 (S.S) | 1,00,000/- |
| 7 | 22201080 / 31.03.2023 (Loan) | 1,60,000/- |
| 8 | 2023-24/ 06.07.2023 (Loan) | 1,60,000/- |
| ആകെ | | 6,80,000/- |

അധികമായി അനുവദിച്ച 2,20,000/- രൂപ (1,40,000 + 80,000) തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 44/22.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം (വ്യക്തിപരം) – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 171/23 |
| പ്രൊജക്ടിന്റെ പേര് | പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം - വ്യക്തിപരം. |
| അടങ്കൽ തുക | 1,40,000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് തുക | 80,000/- രൂപ |
| ബിൽ നമ്പർ/തീയതി | 22150752026201386444/17.03.2023 |
| നിർവ്വഹണം | വി.ഇ.ഒ. |

2022-23 വർഷത്തിൽ വി.ഇ.ഒ നിർവഹണം നടത്തിയ പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം - വ്യക്തിപരം എന്ന പ്രൊജക്ട് പ്രകാരം താഴെ പറയുന്ന 8 ഗുണഭോക്താക്കൾക്ക് 10,000 /- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും. |
|---|---|
| 1 | ശ്രീ.പ്രമോദ്.പി.പി, പന്നിക്കോടൻ ഹൗസ്, മുട്ടിയേൽ, എരുമമുണ്ട. |
| 2 | ശ്രീ.രഘു, ചെമ്മാണക്കോട് ഹൗസ്, കുറുങ്കളം, എരുമമുണ്ട.പി.ഒ |
| 3 | ശ്രീ.സുനിൽരാജ്.ആർ.പി, രാമത്തുപറമ്പിൽ ഹൗസ്, നമ്പൂരിപ്പൊട്ടി, എരഞ്ഞിമങ്ങാട്.പി.ഒ, അകമ്പാടം. |
| 4 | ശ്രീ.സുന്ദരൻ, ആനപ്പാൻ, മൈലാടി, എരഞ്ഞിമങ്ങാട്.പി.ഒ. |
| 5 | ശ്രീ.സുന്ദരൻ.പി.ടി, പള്ളിയാളിതൊടി ഹൗസ്, വേട്ടേക്കോട്, എരഞ്ഞിമങ്ങാട് |
| 6 | ശ്രീ.മണി, ഓട്ടുപാലപ്പുറത്ത് ഹൗസ്, മുട്ടിയേൽ, എരുമമുണ്ട.പി.ഒ |
| 7 | ശ്രീ.ഉണ്ണികൃഷ്ണൻ, ഒഴുകൂർ ഹൗസ്, മുട്ടിയേൽ, എരുമമുണ്ട.പി.ഒ |
| 8 | ശ്രീ.മുഹമ്മദാലി, വലിയതൊടിക ഹൗസ്, നമ്പൂരിപ്പൊട്ടി, എരഞ്ഞിമങ്ങാട്.പി.ഒ |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 6.5.5പ്രകാരം, അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പരമ്പരാഗത കൈത്തൊഴിലുകൾ (മുള, ഈറ, വൈക്കോൽ, തഴ, തടി, ചിരട്ട ഉടങ്ങിയവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺപാത്ര നിർമ്മാണം, കയർ പിരിക്കൽ/കരകൗശല പ്രവൃത്തികൾ മുതലായ

തൊഴിലുകൾ) ചെയ്യുന്നവർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കേണ്ടത്. പ്രൊജക്ട് റിപ്പോർട്ടോ മൂലധന ചെലവ് , മൂലധനത്തിന്റെ സ്രോതസ് എന്നിവ സംബന്ധിച്ച വിവരങ്ങളോ ഒന്നും തന്നെ അപേക്ഷകർ ലഭ്യമാക്കിയിട്ടില്ല. ആകെ മൂലധന നിക്ഷേപം പോലും ലഭ്യമാവാതെ ഈ ഗുണഭോക്താക്കൾക്ക് സബ്സിഡി കണക്കാക്കി നൽകിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

സംരംഭം വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്കും, വായ്പാബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്കുമാണ് നൽകേണ്ടത്. ഗ്രാമപഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തലിനായി നിയോഗിക്കേണ്ടതാണ്. എന്നാൽ ഈ നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം കൈമാറിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 29/22.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1–22 പി.എം.എ.വൈ വിഹിതം അടവാക്കൽ – വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | | | | |
|---|---|---|---|---|
| പദ്ധതി നമ്പർ | : | 303/23 | 305/23 | 306/23 |
| പേര് | : | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി - ജനറൽ | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി - പട്ടികജാതി | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി - പട്ടികവർഗ്ഗം |
| അടങ്കൽ തുക (₹) | : | 8,40,000/- രൂപ (വികസന ഫണ്ട് - സാധാരണവിഹിതം) | 7,00,000/- രൂപ (വികസന ഫണ്ട് -എസ്.സി.പി) | 4,90,000/- രൂപ (വികസന ഫണ്ട് - ടി.എസ്.പി) |
| ചെലവ് (₹) | : | 8,40,000/- രൂപ | 6,30,000/- രൂപ. | 4,20,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥ. | | വി.ഇ.ഒ | | |

പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം താഴെ പറയുന്ന പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | തീയതി | തുക |
|---|---|---|
| 303/23 | 31.12.2023 | 8,40,000/- |
| 305/23 | 31.12.2022 | 1,40,000/- |
| | 22.02.2023 | 4,90,000/- |
| 306/23 | 31.12.2023 | 2,10,000/- |
| | 22.02.2023 | 2,10,000/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 18,90,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.30/22.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1–23 തെരുവ് നായ നിയന്ത്രണം – വാക്സിനേഷനും അനുബന്ധ ചെലവുകളും – അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 299/23 |
| പ്രൊജക്ടിന്റെ പേര് | തെരുവ് നായ നിയന്ത്രണം - വാക്സിനേഷനും അനുബന്ധ ചെലവുകളും. |
| അടങ്കൽ തുക | 36,103/- രൂപ (വികസന ഫണ്ട് - ജനറൽ)<br>1,63,897/- രൂപ (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് തുക | 36,103/- രൂപ (വികസന ഫണ്ട് - ജനറൽ)<br>1,23,940/- രൂപ (തനത് ഫണ്ട്) |
| ബിൽ/ചെക്ക് നമ്പർ &തീയതി | 3067827/22.03.2023 - 1,23,940/- രൂപ.<br>22150752026701384816/17.03.2023 - 36,103/- രൂപ. |
| നിർവ്വഹണം | വെറ്ററിനറി സർജൻ. |

2022-23 വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ തെരുവ് നായ നിയന്ത്രണം - വാക്സിനേഷനും അനുബന്ധ ചെലവുകളും എന്ന പ്രൊജക്ട് പ്രകാരം വാക്സിനേഷന് വിധേയമാക്കുന്നതിന് വേണ്ടി തെരുവ് നായകളെ പിടിച്ച് നൽകിയതിന് ശ്രീമതി.സുനിത അമ്പാടി എന്നവർക്ക് താഴെ പറയും പ്രകാരം 1,53,600/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി.സുനിത അമ്പാടി സമർപ്പിച്ച വൗച്ചർ പ്രകാരം 352 എണ്ണത്തിന് 300 രൂപ നിരക്കിൽ 1,05,600/- രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്.

| ബിൽ/ചെക്ക് നമ്പർ &തീയതി. | അനുവദിച്ച തുക |
|---|---|
| 3067827/22.03.2023 | 1,17,497/- രൂപ. |
| 22150752026701384816/17.03.2023 | 36,103/- രൂപ. |
| ആകെ | 1,53,600 /- രൂപ. |

അപാകത പരാമർശിച്ച ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ.19/21-11-2023) നൽകിയതിനെ തുടർന്ന് അധികം നൽകിയ 48,000/- രൂപ രശീതി നമ്പർ. 1230101383/22.11.2023 പ്രകാരം തിരിച്ചടവാക്കി ക്ലറിക്കൽ മിസ്റ്റേക്ക് കാരണമാണ് അപാകത സംഭവിച്ചതെന്നും ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പൊതുപണം കൈകാര്യം ചെയ്യുമ്പോൾ സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 1-24 ചിങ്ങം 1 കർഷക ദിനാചരണം-അനുമതിയില്ലാത്ത പദ്ധതി നടപ്പാക്കി.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 144/23 |
| പ്രൊജക്ടിന്റെ പേര് | ചിങ്ങം 1 കർഷക ദിനാചരണം. |
| അടങ്കൽ തുക | 50,000/- രൂപ (തനത് ഫണ്ട് - ജനറൽ) |
| ചെലവ് തുക | 50,000/- രൂപ |
| ചെക്ക് നമ്പർ/തീയതി | 3067806/29.09.2022 |
| നിർവ്വഹണം | കൃഷി ഓഫീസർ. |

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ ചിങ്ങം 1 കർഷക ദിനാചരണം എന്ന പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത് 5000 രൂപയുടെ ഒരു പരിശീലന പരിപാടിയും 1500 കർഷകർക്ക് വിപുലമായ സദ്യയും കർഷകരെ ആദരിക്കലും എന്നതായിരുന്നു. ഇത് പ്രകാരം 17.08.2022 ന് കർഷക ദിനാചരണ ചടങ്ങിൽ കൃഷിയും സുസ്ഥിര വിഷയവും എന്ന സെക്ഷൻ നടത്തുകയും കർഷകർക്ക് സദ്യ നൽകുകയും ചെയ്തതിന് താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നോട്ടീസ് | 900 |
| ബാനർ | 100 |
| ഓണറേറിയം | 2500 |
| റിഫ്രഷ്മെന്റ് ചാർജ് | 2500 |
| സദ്യ | 44000 |

| | |
|---|---|
| ആകെ | 50000 |

ചിങ്ങം 1 കർഷക ദിനാചരണം എന്ന ഈ പ്രൊജക്ട്, പദ്ധതി മാർഗ്ഗരേഖ/ സബ്‌ഡിഡി മാർഗ്ഗരേഖ ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് നടപ്പാക്കാൻ അനുമതി നൽകിയതായി കാണുന്നില്ല. മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതിയോ, നൂതന പ്രൊജക്ട് അംഗീകരിക്കുന്നതിനുള്ള സമിതിയുടെ അനുമതിയോ തേടിയായിരുന്നു നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ ഈ പ്രൊജക്ടിന് ഇപ്രകാരമുള്ള അനുമതി നേടിയതായി കാണുന്നില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 13/20.11.2023) , കർഷകരിൽ നിന്നും കാർഷിക വികസന സമിതിയിൽ നിന്നും ഉയർന്നു വന്ന നിരന്തരമായ അഭ്യർത്ഥനയുടെ ഫലമായാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം പദ്ധതി തയ്യാറാക്കി കർഷക ദിനാചരണത്തിന് തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചതെന്നും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മുൻഗണന നൽകുന്നതിനുമായി 5 വിഭാഗങ്ങളിലായി മികച്ച കർഷകരെ ആദരിക്കുകയും കൃഷിയും സുസ്ഥിര വികസനവും ജൈവ കൃഷി രീതികൾ തുടങ്ങിയ വിഷയങ്ങളിലായി അഞ്ഞൂറോളം കർഷകർക്ക് കാർഷിക സെമിനാർ നൽകിയിട്ടുണ്ടെന്നും കർഷകർക്ക് ശാസ്ത്രീയമായിട്ടുള്ള കാർഷിക അറിവുകൾ നൽകുന്നതിനുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി/സബ്‌ഡിഡി മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാത്ത പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ മുൻകൂർ അനുമതി ലഭ്യമാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങലുകൾ നടത്തി.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 170/23 |
| പ്രൊജക്ടിന്റെ പേര് | 60 വയസ്സ് കവിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ. |
| അടങ്കൽ തുക | 3,67,060/- രൂപ (വികസനഫണ്ട് - ജനറൽ) |
| ചെലവ് തുക | 3,67,060/- രൂപ |
| ബിൽ നമ്പർ. | 22150752026601527529/28.03.2023 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ (ആർ.ടി) 26/2015/SPD തീയതി 28.05.2015, സ.ഉ (സാധാ) 97/2022/SPD തീയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന SIDCO ഉല്പാദിപ്പിക്കുന്ന സാധനങ്ങളും അതിന് നൽകാവുന്ന വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 3 ൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം ആദ്യം ടെണ്ടർ ക്ഷണിക്കുകയും, പിന്നീട് ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 27.02.2023 തീയതിയിലെ 7(1) നമ്പർ തീരുമാന പ്രകാരം നിലവിലെ ടെണ്ടർ നടപടികൾ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ വീണ്ടും ടെണ്ടർ ക്ഷണിക്കാതെ SIDCO യിൽ നിന്നും ARTCO യിൽ നിന്നും പ്രൊഫോർമ ഇൻവോയിസുകൾ വാങ്ങി SIDCO യിൽ നിന്ന് നേരിട്ട് വാങ്ങലുകൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതി പ്രകാരം SIDCO യിൽ വാങ്ങിയ കട്ടിലുകൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവുകൾ പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല. പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരമുള്ള നിരക്കുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ SIDCO യുടെ നിരക്ക് (4,300/-രൂപ) അംഗീകരിക്കുന്നതിനും വർക്ക് ഓർഡർ നൽകി, സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സൂപ്പർവൈസർക്ക് നിർദ്ദേശം നൽകിയും ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും (13.03.2023 ലെ 2(2) നമ്പർ തീരുമാനം) ചെയ്തിട്ടുണ്ട്.

ഇൻവോയിസ് നമ്പർ.MJRI/22-23/384 തീയതി 25.03.2023 പ്രകാരം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് നികുതി ഉൾപ്പെടെ | ആകെ തുക |
|---|---|---|---|---|
| 1 | Steel Cot | 86 | 4300 | 369799 |

ഈ നടപടികളിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1) ആദ്യം ടെണ്ടർ ക്ഷണിച്ചതിന്റേയും ടെണ്ടർ രേഖകളുടേയും യാതൊരു വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) ആദ്യ ടെണ്ടർ ചെയ്ത നടപടി റദ്ദാക്കി വീണ്ടും ടെണ്ടർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമല്ല.

3) പുനർ ടെണ്ടർ ചെയ്യുന്നതിനാണ് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തതെങ്കിലും ആയത് നടപ്പിലാക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥ

SIDCO യിൽ നിന്നും ARTCO യിൽ നിന്നും മാത്രം പ്രൊഫോർമ ഇൻവോയിസുകൾ ലഭ്യമാക്കി വാങ്ങലുകൾ നടത്താൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല.

4) ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്ന് മാത്രമായി ബിഡിംഗ് ക്ഷണിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.12/20.11.2023), ആദ്യ ടെണ്ടർ നിരസിച്ച കാരണം ടി ടെണ്ടർ രേഖകൾ ഇനി ആവശ്യമുണ്ടാവില്ല എന്ന ധാരണയിലാണ് ആ ടെണ്ടറിന്റെ രേഖകൾ സൂക്ഷിക്കാഞ്ഞതെന്നും ആ ടെണ്ടറിലും സിഡ്കോയ്ക്ക് തന്നെയാണ് ടെണ്ടർ ലഭിച്ചതെന്നും പദ്ധതി നിർവ്വഹണം വൈകിയ വേളയിലാണ് നേരിട്ട് പർച്ചേസ് നടത്തിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഈ മറുപടി അംഗീകരിക്കുന്നില്ല. അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 150/23 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം. |
| അടങ്കൽ തുക | 16,00,000/- രൂപ |
| ചെലവഴിച്ച തുക | 8,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>4,00,000/- രൂപ (ബ്ലോക്ക് പഞ്ചായത്ത്)<br>1,60,000/- രൂപ (ജില്ലാ പഞ്ചായത്ത്) |
| നിർവ്വഹണ ഉദ്യോഗസ്ഥ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം എന്ന പദ്ധതി പ്രകാരം 13,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. എന്നാൽ അമൃത് (A/c No: 67387805269 – IFS Code: SBIN0010711) എന്ന വിദ്യാർത്ഥിക്ക് 1,18,300/- രൂപ താഴെ പറയുന്ന പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 22150752026600818024/ 25.11.2022 | 10,000/- |
| 2 | 22150752026601057985/ 18.01.2023 | 1,00,000/- |
| 3 | 22150752026601078723/ 18.01.2023 | 4,000/- |
| 4 | 22150752026601421502/ 21.03.2023 | 4,300/- |
| ആകെ | | 1,18,300/- |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അമൃത് എന്ന വിദ്യാർത്ഥിക്ക് അനുവദിച്ച 1,00,000/- രൂപയിൽ നിന്ന് 90,000/- രൂപ തുക ട്രാൻസ്ഫർ ചെയ്തയുടനെ തന്നെ തിരികെ വാങ്ങി ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അക്കൗണ്ടിലേക്ക് മാറ്റി ചെക്ക് മുഖേന അർഹരായ മറ്റ് നാല് കുട്ടികളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെന്നും അമൃത് എന്ന വിദ്യാർത്ഥിക്ക് 28,300/- രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും മറുപടി ലഭ്യമാക്കി. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2). റാസിൻ.കെ.എസ്, S/o.സുൽഫീക്കർ, കാഞ്ഞിരംപാറ ഹൗസ്, മുട്ടിയേൽ, എരുമമുണ്ട.പി.ഒ, കുറുമ്പലങ്ങോട് എന്ന ശാരീരിക വെല്ലുവിളി നേരിടുന്ന (കേൾവിക്കുറവ്) ഏഴാം ക്ലാസ് വിദ്യാർത്ഥിക്ക് അർഹമായ പരമാവധി സ്കോളർഷിപ്പ് തുക 6,600/- രൂപയാണ്. ഈ വിദ്യാർത്ഥിക്ക് താഴെ പറയും പ്രകാരം 28,300/- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 22150752026600818024/ 25.11.2022 | 10,000/- |
| 2 | 22150752026601057985/ 18.01.2023 | 10,000/- |
| 3 | 22150752026601078723/ 18.01.2023 | 4,000/- |
| 4 | 22150752026601421502/ 21.03.2023 | 4,300/- |

| | |
|---|---|
| ആകെ | 28,300/- |

അധികം നൽകിയ 21,700/- രൂപ തിരികെ ഈടാക്കി അറിയിക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികമായി അനുവദിച്ച തുക അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക അടവാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം ആദ്യ മറുപടിയുടെ കൂടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

3). മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. എന്നാൽ സ്നേഹ ഫിലിപ്പ്, D/o.ഫിലിപ്പ്, ചിറ്റിനാപ്പള്ളി ഹൗസ്, എരഞ്ഞിമങ്ങാട്.പി.ഒ (A/c No: 67320657001 – IFS Code: SBIN0010711) എന്ന ഗുണഭോക്താവിന് 35,500/- രൂപ താഴെ പറയുന്ന പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 22150752026601057985/ 18.01.2023 | 10,000/- |
| 2 | 22150752026601421502/ 21.03.2023 | 25,000/- |
| ആകെ | | 35,000/- |

അധികം നൽകിയ 6,500/-രൂപ രശീതി നമ്പർ. 1230101384/G100101 Dt: 22.11.2023 പ്രകാരം തനത് ഫണ്ടിൽ അടവാക്കി രശീതിയുടെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. പൊതു പണം കൈകാര്യം ചെയ്യുമ്പോൾ സൂക്ഷ്മത പുലർത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 18/21.11.2023)

## 1-27 അനുപൂരക പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| പദ്ധതി നമ്പർ | 3/23 | 4/23 | 5/23 |
|---|---|---|---|
| പേര് | അനുപൂരക പോഷകാഹാരം - ജനറൽ. | അനുപൂരക പോഷകാഹാരം - എസ്.സി. | അനുപൂരക പോഷകാഹാരം - എസ്.ടി. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | | |
| അടങ്കൽ തുക (₹) | 15,00,000/- (വികസന ഫണ്ട് - സാധാരണ വിഹിതം) 13,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 4,00,000/- (വികസന ഫണ്ട് - എസ്.സി.പി) | 5,00,000/- (വികസന ഫണ്ട് - ടി.എസ്.പി) |
| ചെലവ് (₹) | 14,64,963/- (വികസന ഫണ്ട് - സാധാരണ വിഹിതം) 5,38,815/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 4,00,000/- | 5,00,000/- |
| BRN / ചെക്ക് നമ്പർ & തീയതി. | 22150752026600426224 തീയതി.17.08.2022 - 3,48,798/- | 22150752026601528405 തീയതി.28.03.2023 - 2,55,283/- | 22150752026600893705 തീയതി.12.12.2022 - 4,24,445/- |
| | 22150752026600869364 തീയതി.06.12.2022 - 4,47,697/- | 22150752026600969229 തീയതി.28.12.2022 - 1,44,717/- | 22150752026601057972 തീയതി.18.01.2023 - 75,555/- |
| | 22150752026600426530 തീയതി.17.08.2022 - 1,89,750/- | | |
| | 22150752026601552687 തീയതി.29.03.2023 - 2,13,898/- | | |
| | 22150752026601552700 തീയതി.29.03.2023 - 1,68,175/- | | |
| | 22150752026601578249 തീയതി.31.03.2023 - 96,645/- | | |
| | ചെക്ക് നമ്പർ. 043659 തീയതി.05.09.2022 - 62,402/- | | |
| | ചെക്ക് നമ്പർ. 045505 തീയതി.09.03.2023 - 2,81,575/- | | |

| | | | |
|---|---|---|---|
| | ചെക്ക് നമ്പർ. 045474 തീയതി.09.02.2023 – 44,523/- | | |
| | ചെക്ക് നമ്പർ. 046224 തീയതി.31.03.2023 – 79,545/- | | |
| | ചെക്ക് നമ്പർ. 046224 തീയതി.31.03.2023 – 70,770/- | | |

ഈ പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ജി.എസ്.ടി യുടെ TDS ഈടാക്കിയില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പറും പേരും | ബിൽ നമ്പർ/തിയ്യതി. | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | പോഷകാഹാരത്തിന്റെ വില. |
|---|---|---|---|---|---|
| 1 | 3/23 – അനുപൂരക പോഷകാഹാര പരിപാടി - ജനറൽ | 22150752026600869364 തീയതി.06.12.2022 – 4,47,697/- | പവിത്രം ന്യൂട്രിമിക്സ്, പൂക്കോട്ടുമണ്ണ, ചുങ്കത്തറ. | 07/07.04.2022 | 73045 |
| | | | | 27/13.07.2022 | 105280 |
| | | | | 35/09.08.2022 | 155435 |
| | | | | 08/07.04.2022 | 22620 |
| | | | | 11/09.05.2022 | 17143 |
| | | | | 18/09.06.2022 | 17619 |
| | | | | 28/13.07.2022 | 13096 |
| | | | | 36/09.08.2022 | 19762 |
| | | 22150752026600426530 തീയതി.17.08.2022 – 1,89,750/- | നവജീവൻ ന്യൂട്രിമിക്സ്, വാസുപ്പടി, കരുളായി. | 96/02.01.2022 | 30953 |
| | | | | 104/04.02.2022 | 23810 |
| | | | | 112/15.03.2022 | 27382 |
| | | | | 8/07.04.2022 | 25239 |
| | | | | 13/12.05.2022 | 15953 |
| | | | | 25/02.06.2022 | 16191 |
| | | | | 34/16.07.2022 | 18572 |
| | | | | 42/05.08.2022 | 22620 |
| | | ചെക്ക് നമ്പർ. 045505 തീയതി. 09.03.2023 2,81,575/- | പവിത്രം ന്യൂട്രിമിക്സ്, പൂക്കോട്ടുമണ്ണ, ചുങ്കത്തറ. | 105/07.02.2023 | 122920 |
| | | | നവജീവൻ ന്യൂട്രിമിക്സ്, വാസുപ്പടി, കരുളായി. | 94/04.01.2023 | 18334 |
| | | | | 107/03.02.2023 | 18810 |
| | | 22150752026601552687 തീയതി.29.03.2023 – 2,13,898/- | പവിത്രം ന്യൂട്രിമിക്സ്, പൂക്കോട്ടുമണ്ണ, ചുങ്കത്തറ. | 116/06.03.2023 | 135975 |
| | | | | 117/06.03.2023 | 11905 |
| | | | | 105/07.02.2023 | 122920 |
| | | | നവജീവൻ ന്യൂട്രിമിക്സ്, വാസുപ്പടി, കരുളായി. | 120/04.03.2023 | 18334 |
| | | ചെക്ക് നമ്പർ.046224/31.03.2023 – 79,545/- | പവിത്രം ന്യൂട്രിമിക്സ്, പൂക്കോട്ടുമണ്ണ, ചുങ്കത്തറ. | 111/04.03.2023 | 159140 |
| 2 | 5/23- അനുപൂരക പോഷകാഹാര പരിപാടി - എസ്.ടി. | 22150752026600893705 തീയതി.12.12.2022–4,24,445/- | പവിത്രം ന്യൂട്രിമിക്സ്, പൂക്കോട്ടുമണ്ണ, ചുങ്കത്തറ. | 50/03.09.2022 | 132790 |
| | | | | 51/03.09.2022 | 14048 |
| | | | | 62/07.10.2022 | 98210 |
| | | | | 63/07.10.2022 | 14286 |
| | | | | 77/05.11.2022 | 124985 |
| | | | | 75/05.11.2022 | 16429 |
| | | 22150752026601057972 തീയതി. 18.01.2023 – 75,555/- | നവജീവൻ ന്യൂട്രിമിക്സ്, വാസുപ്പടി, കരുളായി. | 49/02.09.2022 | 17143 |
| | | | | 59/07.10.2022 | 18334 |
| | | | | 73/04.11.2022 | 21905 |
| | | | | 83/03.12.2022 | 19286 |
| 3 | 4/23 - | 22150752026601528405 | പവിത്രം | 96/06.01.2023 | 127330 |

| | | | | | |
|---|---|---|---|---|---|
| | അനുപൂരക പോഷകാഹാര പരിപാടി - എസ്.സി. | തീയതി. 28.03.2023 – 2,55,283/- | ന്യൂട്രിമിക്സ്, പൂക്കോട്ടുമണ്ണ, ചുങ്കത്തറ. | | |
| | | | | 97/06.01.2023 | 13334 |
| | | | | 106/07.02.2023 | 14286 |
| | | | | 105/07.02.2023 | 122920 |
| | | 22150752026600969229 തീയതി. 28.12.2022 – 1,44,717/- | | 85/02.12.2022 | 125265 |
| | | | | 86/02.12.2022 | 11667 |
| ആകെ | | | | | 2105276 |
| കറവ് ചെയ്യേണ്ടിയിരുന്ന ടി.ഡി.എസ് (2105276 X 2%) | | | | | 42106 |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി.ഡി.എസ് രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചെങ്കിലും സമയബന്ധിതമായി അനുവദിച്ച് കിട്ടിയില്ലെന്നും 2023-24 സാമ്പത്തിക വർഷത്തിൽ ടി.ഡി.എസ് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

2). ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെയുള്ള തുകയ്ക്ക് ജി.എസ്.ടി നൽകി.

അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ അംഗനവാടികളിൽ ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് M/s.പവിത്രം ന്യൂട്രിമിക്സ്, പൂക്കോട്ടുമണ്ണ, ചുങ്കത്തറ എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്. ന്യൂട്രിമിക്സിന്റെ വില (70 രൂപ /Kg), ട്രാൻസ്പോർട്ടേഷൻ ചാർജ് (50 പൈസ/Kg), ജി.എസ്.ടി (5%) എന്നിങ്ങനെയാണ് തുക അനുവദിച്ചിട്ടുള്ളത്. ന്യൂട്രിമിക്സിന്റെ വിലയ്ക്ക് മാത്രം ജി.എസ്.ടി ചുമത്തുന്നതിന് പകരം ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെയുള്ള തുകയ്ക്കാണ് 5% ജി.എസ്.ടി കണക്കാക്കി സ്ഥാപനം ഇൻവോയിസ് സമർപ്പിച്ചിട്ടുള്ളത്. ആയത് പരിശോധിക്കാതെ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത് കാരണം താഴെ പറയും പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| ഇൻവോയിസ് നമ്പർ/തീയതി | സ്ഥാപനത്തിന് നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക. |
|---|---|---|---|
| 07/07.04.2022 | 77245 | 77219 | 26 |
| 27/13.07.2022 | 111333 | 111296 | 37 |
| 35/09.08.2022 | 164371 | 164317 | 54 |
| 105/07.02.2023 | 129987 | 129944 | 43 |
| 116/06.03.2023 | 143793 | 143744 | 49 |
| 111/04.03.2022 | 168547 | 168474 | 73 |
| 50/03.09.2022 | 140425 | 140378 | 47 |
| 62/07.10.2022 | 103857 | 103822 | 35 |
| 77/05.11.2022 | 132169 | 132127 | 42 |
| 96/06.01.2023 | 134651 | 134606 | 45 |
| 85/02.12.2022 | 132467 | 132423 | 44 |
| ആകെ | 1438845 | 1438350 | 495 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3). ന്യൂട്രിമിക്സ് സ്ഥാപനത്തിന് അധിക തുക അനുവദിച്ചു.

I). പ്രൊജക്ട് നമ്പർ.5/23 - അനുപൂരക പോഷകാഹാര പരിപാടി (എസ്.ടി) എന്ന പദ്ധതിയുടെ ഭാഗമായി പവിത്രം ന്യൂട്രിമിക്സിൽ നിന്നും ഇൻവോയിസ് നമ്പർ.63/07.10.2022 പ്രകാരം വിതരണം ചെയ്ത 60 Kg ന്യൂട്രിമിക്സിന്റെ വില 15,000/- രൂപ {(60 Kg X 238.10) + 5% GST) മാത്രമാണ്. എന്നാൽ 16,000/- രൂപ എന്ന് രേഖപ്പെടുത്തിയാണ് സ്ഥാപനം ഇൻവോയിസ് സമർപ്പിച്ചിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥ ഇത് പരിശോധിക്കാതെ BRN:22150752026600893705/12.12.2022 പ്രകാരം 16,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അധികം നൽകിയ 1,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

Ii). പവിത്രം ന്യൂട്രിമിക്സിൽ നിന്നും ഇൻവോയിസ് നമ്പർ.105/07.02.2023 പ്രകാരം വിതരണം ചെയ്ത 1756 Kg ന്യൂട്രിമിക്സിന്റെ വിലയായ 1,29,987/- രൂപക്ക് പകരം താഴെ പറയുന്ന 3 ബില്ലുകൾ പ്രകാരം 1,68,342/- രൂപ അനുവദിച്ചിട്ടുണ്ട്.

| പ്രൊജക്ടിന്റെ നമ്പറും പേരും. | ബിൽ നമ്പർ/തീയതി & ബിൽ തുക. | അനുവദിച്ച തുക | ഇൻവോയിസ് തുക | അധികം നൽകിയ തുക. |
|---|---|---|---|---|
| 3/23 – അനുപൂരക പോഷകാഹാരം (ജനറൽ) | ചെക്ക് നമ്പർ.045505 തീയതി. 09.03.2023 – 77,355/- രൂപ. | 38,355/- രൂപ. | 1,29,987/- രൂപ. | 38,355/- രൂപ. |
| | BRN:22150752026601552687/29.03.2023 - 2,13,898/- രൂപ. | 38,355/- രൂപ. | | |
| 4/23 – അനുപൂരക പോഷകാഹാരം (എസ്.സി) | BRN:22150752026601528405/28.03.2023 - 2,55,283/- രൂപ. | 91,632/- രൂപ. | | |

അനുപൂരക അനുപൂരക പോഷകാഹാരം (ജനറൽ) പദ്ധതി പ്രകാരം രണ്ട് തവണ 38,355/- രൂപ അനുവദിച്ചതാണ് അപാകതക്ക് കാരണം. അധികം നൽകിയ 38,355/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

4). പദ്ധതിയുടെ ഭാഗമായി പവിത്രം ന്യൂട്രിമിക്സ്, നവജീവൻ ന്യൂട്രിമിക്സ് എന്നീ കുടുംബശ്രീ യൂണിറ്റുകൾ ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ്, ഗ്രാവി പ്രോ, ന്യൂട്രിമാം എന്നിവ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളെ വിതരണത്തിനുള്ള ഏജൻസിയായി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയോ വിതരണത്തിന് ഈ സ്ഥാപനങ്ങളുമായി ഗ്രാമപഞ്ചായത്ത് കരാർ ചമക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (01/17.11.2023) നൽകിയതിനെ തുടർന്ന്, ക്രമ നമ്പർ.2, 3(i), 3(ii) പ്രകാരം അധികം അനുവദിച്ച 39,850/- രൂപ രശീതി നമ്പർ. 1230101385/G100101 Dt: 22.11.2023 പ്രകാരം തനത് ഫണ്ടിൽ അടവാക്കി രശീതിയുടെ പകർപ്പ് ലഭ്യമാക്കി. പൊതുപണം കൈകാര്യം ചെയ്യുന്നതിൽ സൂക്ഷ്മത

പുലർത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-28 ഗുണഭോക്തൃസമിതി പ്രവൃത്തി - ഓവർഹെഡ് ചാർജ്ജ് അധികം നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് സൂപ്പർ വിഷൻ ചാർജ്ജ് അനുവദനീയമല്ല എന്നും ഇവർക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് വാറ്റ് ഉൾപ്പെടെ നിലവിലുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നും ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.( ധനകാര്യ അഡീ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&PW-B2/266/2016-Fin To CE LSGD Tvm).

വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാലും ഇതിന് പകരമായി വന്ന GST വിഹിതം പ്രത്യേകമായി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനാലും വാറ്റ് ഒടുക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടിയിരുന്നത് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 16.3.2018 ലെ ഡി.ബി-9058/17 /സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അഭിപ്രായം അറിയിക്കുകയും ചെയ്തതാണ്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി (2%) , നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) ഉൾപ്പെടെ 3% തുക മാത്രമെ ഓവർ ഹെഡ് ചാർജ്ജിൽ നിന്ന് നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. GST വിഹിതം ( 12 Or 18% ) എസ്റ്റിമേറ്റിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്നുണ്ട്.

മേൽ പരാമർശിക്കപ്പെട്ട കത്തുകളിലെ നിർദ്ദേശപ്രകാരം ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ്ജ് നിലവിലുള്ള 7.5% ൽ നിന്നും കുറവ് വരുത്തേണ്ടതായിരുന്നു. ധനവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെയും നിർദ്ദേശം പാലിക്കാത്തതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 5% അധികച്ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| ക്ര നം | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | അധികം ചെലവ് തുക (@ 5 % Of OH+GST) | I T ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| 1 | പെരുമ്പത്തൂർ സ്കൂൾ ശൗചാലയം പൂർത്തീകരണവും ശുചീകരണ പ്രവൃത്തികളും, 114/23<br>അടങ്കൽ: 600000 (CFC Tied)<br>കൺവീനർ: ശിവൻകുട്ടി VJ (H M)<br>കരാർ: 128/2021-22/19-8-22<br>അളവ് പുസ്തകം: 41/21-22, 42/21-22<br>ചെലവ് : 365661<br>BRN: 22150752026101413101/20-3-23 | 309882.17 | 14413.12<br>(+)GST 18% :2594.34<br>17007.46<br>le 17007 രൂപ<br>(309882.17X5/107.5) | ഈടാക്കേണ്ടത് @ 2% = 6198<br>ഈടാക്കിയത് @ 1% = 3099<br>കുറവ്: 3099 |
| | | | ആകെ | OH 17007<br>IT 3099<br>Total: 20106 രൂപ |

ധനവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെയും കത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ്ജ് കുറക്കാത്തത് വഴിയും ആദായ നികുതി മുഴുവനായും ഈടാക്കാത്തത് വഴിയുമുള്ള നഷ്ടം 20106 രൂപ (17007 +3099)രൂപ അതാത് പ്രവത്തികളുടെ കൺവീനർമാരിൽ നിന്നീടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ കൺവീനർക്ക് GST ഇനത്തിൽ അനുവദിച്ച 55779 രൂപ (18% Of 309882.17) അടവാക്കിയതിന്റെ

വിശദാംശവും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 14/20-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-29 അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി - കരാറുകാരന് അധിക തുക നൽകി, 11714 രൂപയുടെ അധികച്ചെലവ്

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാറക്കോട് S T കോളനി പൊതു ശൗചാലയം എന്ന പ്രവൃത്തിയുടെ ഇനം 17ആയി സ്റ്റെയിൻലസ് സ്റ്റീൽ വാട്ടർ ക്ലോസറ്റ് (ഫ്ലഷിങ് സിസ്റ്റം ഉൾപെടെ) 2 എണ്ണം സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ സാധാരണ ഉപയോഗിച്ച് വരുന്ന ഒറീസ പാറ്റേൺ വാട്ടർ ക്ലോസറ്റ് (ഫ്ലഷിങ് സിസ്റ്റം ഉൾപെടെ) ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് 20-11-2023 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക DSR 17.1.2 | നൽകാവുന്ന തുക DSR 17.1.1 | അധികം |
|---|---|---|---|
| പാറക്കോട് S T കോളനി പൊതു ശൗചാലയം (105/23)<br>അടങ്കൽ: 255352 (CFC ഗ്രാന്റ്)<br>ചെലവ്: 253933<br>BRN: 22150752026100477011/29-8-22 Rs-193779<br>BRN: 22150752026101345193/14-3-23 Rs-60154<br>കരാറുകാരൻ: സുനിൽകുമാർ ഇ ആർ<br>കരാർ 100/17-3.2022<br>അളവ് പുസ്തകം: 7/22-23,36/22-23<br>കോസ്റ്റ് ഇൻഡക്സ് 36.44% | 23302.58<br>@11651.29/each | 12843.24<br>@6421.62/each | 10459.34<br>(+) 12% GST 1255.12<br>ആകെ: 11714.46<br>le 11714/- |

ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 11714/-രൂപ ഉത്തരാവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 33/22 -11-23, മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-30 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 1727 രൂപ

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ, അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും, പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

ആറംകോട് കണ്ണംകുണ്ട് കൊമ്പൻകല്ല് റോഡ് ടാറിങ് സെക്കന്റ് റീച്ച് (79/23)

അടങ്കൽ: 400000 (MG റോഡ്)

സാങ്കേതികാനുമതി : 21-22/27532/25-5-21

ചെലവ് : 396767

2215075202610006448б/29-4-22/25.3.2022

കരാറുകാരൻ : ഗഫൂർ കെ

കരാർ 21/21-22/29-7-21

അളവ് പുസ്തകം : 89/21-22

കോസ്റ്റ് ഇൻഡക്സ് : 31.06%

PAC : 353343.96 രൂപ

പൂർത്തീകരണകാലയളവ്: 6 മാസം

കോവിഡ് ഇളവ്: ഇല്ല

ആകെ: 6 മാസം

പൂർത്തീകരിക്കേണ്ട തീയതി: 28-1-22

പൂർത്തീകരിച്ചത്: 13-3-22 (അളവ് പുസ്തകം പേജ് 16)

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 28-1-22 | 13-3-22 | വൈകിയത് : 1 മാസം, 14 ദിവസം.<br>ഈടാക്കേണ്ട പിഴ: 1727 രൂപ<br>(29-1-22 To 13-3-22- @ 1% Of PAC: (44 Days)3533.43x 44/90 =1727.45<br>Ie 1727രൂപ) |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള നഷ്ടം 1727 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതുമണ്. (ഓഡിറ്റ് എൻക്വയറി നമ്പർ35/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 ചെയ്യാത്ത പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി പാർട്ട് ബിൽ നൽകി; വിശദീകരണം നൽകേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രവൃത്തി : പെരുമ്പത്തൂർ സ്കൂൾ പുതിയ കെട്ടിടം പൂർത്തീകരണം (302/22, 110/23)

അടങ്കൽ : 230000 (CFC ഗ്രാന്റ്)

സാങ്കേതികാനുമതി : LSGD/TS/21-22/5982/28-1-22

ചെലവ് : 229387

പാർട്ട് ബിൽ : 196620, വൗച്ചർ XVFC/2021-22/P/93/30-3-22

ഫൈനൽ ബിൽ : 32767 വൗച്ചർ XVFC/2022-23/P/29/2-11-22

കരാറുകാരൻ : ഷൈൻ വി എൽ

കരാർ : 107/20-21/17-3-22

അളവ് പുസ്തകം : 108/21-22

മേൽ പ്രവൃത്തിയുടെ ഇനം (2) Precast Cement Concrete Tiles 22 Mm Pavement (Code 11-20-4) ആണ്. ആയത് 5.69 M2 ചെയ്തതായി അളവ് പുസ്തകം പേജ് 5,6 എന്നിവയിൽ 27-3-22 ന് രേഖപ്പെടുത്തി പാർട്ട് ബിൽ പ്രകാരം കരാറുകാരന് തുക നൽകി. പിന്നീട്, ഭരണസമിതിയുടെ 25-8-22 ലെ 2(1) തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ഇനം (2) ഒഴിവാക്കി Exra Item (1) ആയി Ceramic Antiskid Floortile Pavement എന്ന പ്രവൃത്തി ഉൾപ്പെടുത്തുകയും ആയത് 8.07 M2 ചെയ്തതായി അളവ് പുസ്തകം പേജ് 15 ൽ 12-9-22 ന് രേഖപ്പെടുത്തി ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക നൽകി. ഫൈനൽ ബിൽ നൽകിയപ്പോൾ, പാർട്ട് ബിൽ പ്രകാരം 27-3-22 ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തി ചെയ്തിട്ടില്ലെന്ന് രേഖപ്പെടുത്തി, Exra Item (1) പ്രകാരമാണ് മുഴുവൻ പ്രവൃത്തിയും ചെയ്തതെന്ന് രേഖപ്പെടുത്തിയാണ് തുക നൽകിയത്. ഒരിക്കൽ അളവ് പുസ്തകത്തിൽ ചെയ്തതായി രേഖപ്പെടുത്തിയ പ്രവൃത്തി പിന്നീട് ചെയ്തിട്ടില്ലെന്ന് രേഖപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 36/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

ഗ്രാമപഞ്ചായത്തിൽ 2022-23 ൽ നടപ്പിലാക്കിയ ചില പ്രവൃത്തികൾ പൂർത്തിയാക്കിയതിന് ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നത്. ചില ഉദാഹരണങ്ങൾ

| ക്ര നം | പ്രവൃത്തി | പൂർത്തീകരിച്ച തീയതി | അളവ് പുസ്തകം/പേജ് | റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചത്/ഭരണസമിതി തീരുമാനം |
|---|---|---|---|---|
| 1 | GTLPS വാളംതോട് ടോയ്ലറ്റ്, 69/23 | 17-12-21 | 6/21-22 (14) | 17-11-22 (1/11) |
| 2 | പെരുവമ്പാടം P H സബ്സെന്റർ പുനരുദ്ധാരണം, 65/23 | 21-9-21 | 139/20-21 (13) | 17-5-22 (2/7) |
| 3 | ആറങ്കോട് കാട്ടുതായ് കിണർ പുനരുദ്ധാരണം, 66/23 | 2-12-22 | 54/22-23 (6) | 20-12-22 (27/1) |
| 4 | കോരങ്കോട് അങ്കണവാടി പുനരുദ്ധാരണം, 62/23 | 2-2-22 | 126/21-22 (16) | 13-3-23 (1/9) |

കേരള PWD മാന്വൽ പ്രകാരം, അസ്സൽ പ്രൊജക്ടിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുമ്പോഴോ അസ്സൽ പ്രൊജക്ടിൽ ഘടനാപരമായ വലിയ മാറ്റം ആവശ്യമായി വരുമ്പോഴോ അസ്സൽ പ്രൊജക്ടിന്റെ ചെലവ് സാങ്കേതികാനുമതി തുകയുടെ 5% ത്തിൽ അധികരിക്കുമ്പോഴോ റിവൈസ്ഡ് എസ്റ്റിമേറ്റിന് കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണെന്നും പ്രവൃത്തി പൂർത്തിയായതിന് ശേഷമോ നിർമ്മാണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിന് ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 14 ാം പദ്ധതി മാർഗ്ഗരേഖ (സ ഉ (കൈ) നം. 115/2022/തസ്വഭവ തീയതി 28-5-22) ഖണ്ഡിക 3.8.3.8, 3.8.3.9 എന്നിവയിലും പ്രവൃത്തി പൂർത്തിയായതിന് ശേഷമോ നിർമാണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിന് ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുവാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരള PWD മാന്വൽ, 14 ാം പദ്ധതി മാർഗ്ഗരേഖ എന്നിവക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 38/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-33 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 8117 രൂപയുടെ അധികച്ചെലവ്.

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ചില പ്രവൃത്തികൾക്ക് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD

സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2018,C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 20-11-2023 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന പ്രവൃത്തിയിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 18900/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2018,Cost Index 36.44% പ്രകാരം | 8358.30-8036.83 = 321.47 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|
| എരഞ്ഞിമങ്ങാട് ഹെൽത്ത് സെന്റർ റോഡ് റീ-കോൺക്രീറ്റ്, 334/23<br>അടങ്കൽ: 250000 രൂപ ( MG-NR )<br>കരാറുകാരൻ: ശ്രീ ഷിജാസ് ഒ കെ<br>കരാർ: 425/22-23/25-1-23(28.9% Below ER)<br>ചെലവ്: 235421 രൂപ<br>BRN: 22150752026101345183/14-3-23<br>അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 11-2-23 | 33.00 M3 | 33.00 M3x321.47 = 10608.51<br>(-)ടെണ്ടർ കുറവ്: 28.9%= 3065.85<br>ബാക്കി: 7542.66<br>(+) 18% GST: = 1357.67<br>ആകെ: 8900.33<br>ആകെ നീളം ചെയ്യേണ്ടത്: 90.5x2= 181.00 മീറ്റർ<br>ചെയ്തത്: ഒരു ഭാഗം 16 മീറ്റർ<br>ie 8.8% (16/181x100)<br>അധികം: 8117.11 (8900.33-8.8%)<br>Rounded: 8117 രൂപ |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ചെയ്തതിനുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 8117/- രൂപ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ (അസിസ്റ്റന്റ് എഞ്ചിനീയർ) നിന്നോ ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 39/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 റോഡ് ടാറിങ് , സീൽ കോട്ട് പ്രവൃത്തിക്ക് അധിക തുക നൽകി.6500 രൂപയുടെ അധികച്ചെലവ്

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി സീൽ കോട്ട് പ്രവൃത്തി ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 5.12.A.1.2a (Type A)/ പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 5.12.A.3.2a (Type C)/ പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം) |
|---|---|---|---|---|---|
| 1 | ആറംകോട് കണ്ണംകുണ്ട് കൊമ്പൻകല്ല് റോഡ് ടാറിങ് സെക്കന്റ് റീച്ച് (79/23)<br>അടങ്കൽ: 400000 (MG റോഡ്)<br>സാങ്കേതികാനുമതി:21-22/27532 /25-5-21<br>ചെലവ്: 396767<br>22150752026100064486/29-4-22 /25.3.2022<br>കരാറുകാരൻ: ഗഫൂർ കെ<br>കരാർ 21/21-22/29-7-21<br>അളവ് പുസ്തകം 89/21-22 | 415.75 M2 | 32553.23<br>@78.30/m2 | 26749.35<br>@64.34/m2 | 5803.87<br>(+)Gst 12%: 696.46<br>6500.33<br>ie 6500/- |

| | | | | | |
|---|---|---|---|---|---|
| | കോസ്റ്റ് ഇൻഡക്സ് 31.06% | | | | |

തെറ്റായ കോഡ് പ്രകാരമുള്ള നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ 6500/-രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 40/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-35 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി; 1986 രൂപയുടെ അധികച്ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആറംകോട് കണ്ണംകുണ്ട് കൊമ്പൻകല്ല് റോഡ് ടാറിങ് സെക്കന്റ് റീച്ച് (79/23)എന്ന പ്രവൃത്തിക്ക് ശ്രീ. ഗഫൂർ കെ എന്ന കരാറുകാരൻ സമർപ്പിച്ച ടെണ്ടർ ഫോമിൽ 0.5% കുറവ് നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബിൽ തുക നൽകിയപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. കരാറുകാരന് നൽകിയ അധിക തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ടെണ്ടർ ബിലോ (12% GST അടക്കം) |
|---|---|---|---|
| 1 | ആറംകോട് കണ്ണംകുണ്ട് കൊമ്പൻകല്ല് റോഡ് ടാറിങ് സെക്കന്റ് റീച്ച് (79/23)<br>അടങ്കൽ: 400000 (MG റോഡ്)<br>സാങ്കേതികാനുമതി:21-22/27532/25-5-21<br>ചെലവ്: 396767<br>BRN :<br>22150752026100064486/29-4-22<br>കരാറുകാരൻ: ഗഫൂർ കെ<br>കരാർ 21/21-22/29-7-21<br>അളവ് പുസ്തകം 89/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 354577.23 | 1772.88<br>(+) 12% GST: 212.74<br>Total: 1985.62 |

ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയത് വഴി അധികം നൽകിയ 1986 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 41/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-36 പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പാർട്ട് ബില്ലിൽ നിന്ന് റിടെൻഷൻ തുക കുറവ് ചെയ്തില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

താഴെ പറയുന്ന പ്രവൃത്തി ഓഡിറ്റ് തീയതി വരേയും പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കുറുങ്കളം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി 96/23 |
| അടങ്കൽ | 3,00,000(CFC) |
| കരാറുകാരൻ | സുധീർ കെ |
| കരാർ | 93/22-23/17-3-22 |
| അളവ് പുസ്തകം | 34/22-23 |
| ചെലവ് | 44640 രൂപ |
| വൗച്ചർ നമ്പർ | XVFC/2022-23/P/40/1-2-23 |
| പൂർത്തീകരണ കാലയളവ് | 8 മാസം |
| പ്രവൃത്തി സ്ഥലം കൈമാറിയ തീയതി | 17-3-22 |
| പൂർത്തീകരിക്കേണ്ട തീയതി | 16-11-23 |
| അവസാനം അളവെടുത്ത തീയതി | 22-6-22 (അളവ് പുസ്തകം പേജ് 4) |

കിണർ ആഴം കൂട്ടൽ, മോട്ടോർ സ്ഥാപിക്കൽ, പൈപ്പ് സ്ഥാപിക്കൽ, പെയിന്റിംഗ് ഉടങ്ങി 10 ഇനം പ്രവൃത്തികളാണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുള്ളത്. ആയതിൽ കിണർ ആഴം കൂട്ടൽ എന്ന പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന പ്രവൃത്തികൾ

ചെയ്തിട്ടില്ല. 16-11-23 ൽ പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി ഓഡിറ്റ് തീയതി വരേയും പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല, പാർട്ട് ബില്ലിൽ നിന്ന് റിടെൻഷൻ തുക കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയും ചെയ്തു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 45/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-37 രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

താഴെ പറയുന്ന ചെലവുകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ആകെ ചെലവ് തുക തടസ്സം ചെയ്യുന്നു. വിശദാംശം ഉപ ഖണ്ഡികയായി താഴെ കൊടുക്കുന്നു

## 1-37-1 കെട്ടിട നിർമാണ പ്രവൃത്തികൾ

| ക്ര നം | പ്രവൃത്തിയുടെ പേര് | ഫണ്ട് | തുക |
|---|---|---|---|
| 1 | നമ്പൂരിപ്പൊട്ടി അങ്കണവാടി കെട്ടിടത്തിന് ഷീറ്റിടൽ, 61/23 | CFC ഗ്രാന്റ് | 31287 |
| 2 | FHC ഫിസിയോതെറാപ്പി കെട്ടിടം പൂർത്തീകരണം, 80/23 | MG-NR | 143247 |
| 3 | നമ്പൂരിപ്പൊട്ടി അങ്കണവാടി അറ്റകുറ്റപ്പണികൾ, 86/23 | MG-NR | 49302 |
| 4 | സെന്റ് തോമസ് AUPS ഇടിവെണ്ണ ടോയ്‌ലെറ്റ് നിർമാണം, 89/23 | CFC ഗ്രാന്റ് | 214728 |
| 5 | എരഞ്ഞിമങ്ങാട് F H സബ്സെന്റർ നവീകരണം, 121/23 | MG-NR | 276742 |
| 6 | GLPS കോണമുണ്ട കെട്ടിടം പൂർത്തീകരണം, 275/23 | MG-NR | 191054 |
| 7 | ചാലിയാർ പഞ്ചായത്ത് തൊഴിലുറപ്പ് ഓഫീസ് നവീകരണം, 343/23 | തനത് ഫണ്ട് | 199302 |
| 8 | പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ് ഹാൾ നവീകരണം, 344/23 | CFC ഗ്രാന്റ് | 599991 |
| 9 | ചാലിയാർ പഞ്ചായത്ത് സാംസ്കാരിക നിലയം നവീകരണം, 345/23 | CFC ഗ്രാന്റ് | 196498 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് നവീകരണം, 335/23 | CFC ഗ്രാന്റ് | 197471 |
| | ആകെ | | 2099622 |

## 1-37-2 റോഡ് പ്രവൃത്തി

| ക്ര നം | പ്രവൃത്തിയുടെ പേര് | ഫണ്ട് | തുക |
|---|---|---|---|
| 1 | മുട്ടിയേൽ ആനക്കുളം റോഡ് കോൺക്രീറ്റിംഗ്, 104/23 | CFC ഗ്രാന്റ് | 200000 |
| | | ആകെ | 200000 |

## 1-37-3 കുടിവെള്ള പദ്ധതികൾ

| ക്ര നം | പ്രവൃത്തിയുടെ പേര് | ഫണ്ട് | തുക |
|---|---|---|---|
| 1 | പെരുവമ്പാടം എസ് ടി കോളനി കിണർ നവീകരണവും കുടിവെള്ള സൗകര്യവും, 91/23 | CFC ഗ്രാന്റ് | 22540 |
| 2 | പെരുവമ്പാടം ജനറൽ അങ്കണവാടി കുഴൽ കിണർ നിർമാണം, 288/23 | CFC ഗ്രാന്റ് | 58535 |
| 3 | പെരുവമ്പാടം കോളനി അങ്കണവാടി കുഴൽ കിണർ നിർമാണം, 289/23 | CFC ഗ്രാന്റ് | 61845 |
| 4 | പാറക്കോട് S T കോളനി കുടിവെള്ള പദ്ധതി പമ്പ് ഹൗസും വൈദ്യുതീകരണവും, 290/23 | CFC ഗ്രാന്റ് | 43164 |
| | | ആകെ | 186084 |

## 1-37-4 മറ്റുള്ളവ

| ക്ര | പ്രവൃത്തിയുടെ പേര് | ഫണ്ട് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| നം | | | |
| 2 | എ ഇ യുടെ ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ, 76/23 | വികസനഫണ്ട്(G) | 22568 |
| 14 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഔദ്യോഗിക യാത്രക്കുള്ള വാഹന വാടക, 294/23 | CFC ഗ്രാന്റ് | 24670 |
| 15 | റോഡ്കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി, 304/23 | തനത് ഫണ്ട് | 7000 |
| 19 | അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകക്ക് എടുക്കൽ, 358/23 | തനത് ഫണ്ട് | 3600 |
| | | ആകെ | 57838 |

**1-38 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല**

പ്രോജക്റ്റ് നം. 14/23

വിനിയോഗിച്ച തുക - 1,50,000 രൂപ

BRN - 22150752026500760181/ 10.11.22 – 1,50,000 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി എരഞ്ഞിമങ്ങാട്

പദ്ധതി പ്രകാരം 1,50,000 രൂപ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങുന്നതിനായി ഹോംകോ ആലപ്പുഴക്ക് നൽകിയിട്ടുണ്ട്(പ്രൊഫോർമ ഇൻവോയിസ് നം.PF 430/ 27.09.2022) ആയതിൽ ഇൻവോയിസ് നം. 1215/ 04.09.2022 പ്രകാരം 66,161 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. അവശേഷിക്കുന്ന 83,839 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.3/22-23/18.11.23 -മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-39 എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

വിശദ വിവരം ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. : 154/23

എസ് എസ് എ വിഹിതം അടവാക്കൽ (ജനറൽ)

വിനിയോഗിച്ച തുക - 13,55,000 രൂപ (പ്ലാൻ -ജനറൽ )

ബിൽ നം. - 10/22-23/22.09.22 – 13,55,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 13,55,000 രൂപ എസ് എസ് എ വിഹിതം (ജനറൽ ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

2)പ്രോജക്റ്റ് നം. 155/23

എസ് എസ് എ വിഹിതം അടവാക്കൽ (എസ് സി )

വിനിയോഗിച്ച തുക - 3,00,000 രൂപ (പ്ലാൻ -എസ് സി പി )

ബിൽ നം. 11/22-23/22.09.22 – 3,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 3,00,000 രൂപ എസ് എസ് എ വിഹിതം (എസ് സി ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

3)പ്രോജക്റ്റ് നം. 156/23

എസ് എസ് എ വിഹിതം അടവാക്കൽ (എസ് ടി )

വിനിയോഗിച്ച തുക – 4,00,000 രൂപ (പ്ലാൻ -ടിഎസ് പി )

ബിൽ നം. 12/22-23/22.09.22 – `4,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 4,00,000 രൂപ എസ് എസ് എ വിഹിതം (എസ് ടി ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്രശിക്ഷാ

കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും( നം. 4/2022-23/ 18.11.23 )-മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾക്കായി ചെലവഴിച്ച 20,55,000 രൂപ(13,55,000 +3,00,000 + 4,00,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-40 സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ പദ്ധതി - വിശദാശങ്ങൾ ലഭ്യമാക്കിയില്ല.

വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 314/23

2,4,5,8,10 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്യൽ പദ്ധതി (ഡെപ്പോസിറ്റ് വർക്ക്)

വിനിയോഗിച്ച തുക – 7,28,252രൂപ (പ്ലാൻ -ജനറൽ)

ബിൽനം. 32/22-23/31.03.23- 7,28,252രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 7,28,252 രൂപ ഗ്രാമപഞ്ചായത്തിലെ 2,4,5,8,10 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ അകമ്പാടത്തിന് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.പദ്ധതിക്കായി തയ്യാറാക്കിയ എഗ്രിമെന്റ് പ്രകാരം (നം.7/22-23 /29.03.23) പണി ആരംഭിച്ച് മൂന്നുമാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം. 01/23

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്യൽ പദ്ധതി (ഡെപ്പോസിറ്റ് വർക്ക്)

വിനിയോഗിച്ച തുക – 14,00,000രൂപ(ധനകാര്യകമ്മീഷൻ അവാർഡ്)

വൗച്ചർ നം. XVFC/22-23/P/66/ 31.03.23 -14,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 14,00,000 രൂപ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ അകമ്പാടത്തിന് നൽകിയിട്ടുണ്ട്.

പദ്ധതി സബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

I)പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം

Ii) ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമല്ല.

Iii)പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് .

അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.5 /22-23/ 18.11.2023 ) മറുപടി ലഭ്യമാക്കുകയോ വിവരം ലഭ്യമാക്കുകയോ ചെയ്തില്ല. പദ്ധതികൾക്കായി ചെലവഴിച്ച 21,28,252 രൂപ (7,28,252+,14,00,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41 സാക്ഷരതാമിഷൻ തുടർപ്രവർത്തനം- രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : തുല്യത പഠന പദ്ധതി

നം : 200/2023

വിനിയോഗിച്ച തുക -72,750രൂപ (പ്ലാൻ ഫണ്ട്- ജനറൽ )

BRN 22150752030201550009/29.03.23– 72,750 (പ്ലാൻ ഫണ്ട്- ജനറൽ )

നിർവ്വഹണം - ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം 15 പഠിതാക്കളുടെ പത്താംതരം തുല്യതാ പരീക്ഷാ ഫീസായി കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് 29,250 രൂപയും(1950x15), 29 പഠിതാക്കളുടെ ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷാ ഫീസായി കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷന് 43,500 രൂപയും(1500x 29), കൂടി ആകെ 72,750 രൂപ നൽകിയിട്ടുണ്ട്.

പഠിതാക്കൾ പരീക്ഷ എഴുതിയതിന്റേയും യോഗ്യത നേടിയതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 6/22-23/18.11.23 )മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 72,750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-42 ഗ്രാമപഞ്ചായത്തിന്റെ ട്രാക്ടർ ലേലം ചെയ്തില്ല.

ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ KL10 H 7323 നം. ട്രാക്ടർ ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിൽ നിലവിൽ നിഷ്ക്രിയാസ്തിയായി നിലകൊള്ളുന്നു. വിശദാംശങ്ങൾ പരിശോധിച്ചതിൽ 1999 വർഷത്തിൽ വാങ്ങിച്ചതാണ് ട്രാക്ടർ എന്നും ലോഗ് ബുക്ക് പരിശോധിച്ചതിൽ 16.07.2016 ന് ശേഷം വാഹനം ഉപയോഗിച്ചിട്ടില്ല എന്നും കാണുന്നു. വാഹനം ഗ്രാമപഞ്ചായത്തിലെ ടൗൺ ക്ലീനിംഗ് പ്രവർത്തനത്തിനാണ് ഉപയോഗിച്ചിരുന്നത് എന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി. വാഹനം നിഷ്ക്രിയമായതിന്റെ കാരണം വ്യക്തമല്ല. വാഹനത്തിന് ഏതെങ്കിലും തരത്തിൽ കേടുപാടുകൾ ഉള്ളതായും വ്യക്തമല്ല. വാഹനം കണ്ടം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകകൾ പരാമർശിച്ച് നൽകിയ ഓഡിററ് എൻക്വയറിക്ക് ( നം.7/22-23/ 18.11.2023 )മറുപടിയായി വാഹനം ലേലം ചെയ്യുന്നതിന്റെ ഭാഗമായി പി.ഡബ്ലിയു.ഡി മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന് അപേക്ഷിച്ചതിന്റ വിവരം ലഭ്യമാക്കി.എന്നാൽ വാഹനം ഉപയോഗിക്കാമായിരുന്നിട്ടും 16-07-2016 ന് ശേഷം ഉപയോഗിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കിയില്ല. Central Motor Vehicles (First Amendment) Rules 2023 തീ.01.04.2023 പ്രകാരം നിലവിൽ 15 വർഷം പിന്നിട്ട വാഹനത്തിന് നിരത്തിലോടാൻ സാധിക്കുകയില്ല. കണ്ടം ചെയ്യുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തി വിവരമറിയിക്കേണ്ടതാണ്.

## 1-43 ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ചാലിയാർ ഗ്രാമപഞ്ചായത്തിലെ ജലനിധി പുനരുദ്ധാരണപദ്ധതിയുടെ ഭാഗമായി ആശുപത്രികുന്ന് കുടിവെള്ളപദ്ധതിയുടെ നടത്തിപ്പിന് ആദ്യഗഡുവായി സർക്കാർ വിഹിതമായ 2,06,250 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായ 41,250 രൂപയും ഉൾപ്പെടെ വൗച്ചർ നം.22200238/19.07.2022 പ്രകാരം 2,47,500രൂപ ഗ്രാമപഞ്ചായത്ത് ലെവൽ ആക്ഷൻ കമ്മറ്റിക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത തുകകൾ ചെലവഴിച്ചതിന്റെ വിവരം,ഗുണഭോക്താക്കളുടെ എണ്ണം, നാളിതുവരെ പ്രസ്തുത പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ വിവരം ,ജലനിധി പദ്ധതികൾ സംയുക്ത ആസ്തിയായി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ (ജലനിധി റീജനൽ പ്രോജക്റ്റ് ഡയറക്ടറുടെ 20.09.2021 ലെ KRWSA-MLPM/90/2019-TA1 നം. കത്തിൽ അപ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ് )ആയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, ഗ്രാമപഞ്ചായത്തിലെ വിവിധ ജലനിധി പദ്ധതികളെ സംബന്ധിച്ച വിവരം,ഗുണഭോക്താക്കളുടെ എണ്ണം,ഇപ്പോഴത്തെ അവസ്ഥ എന്നിവ സംബന്ധിച്ച ഒരു റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/22-23/18.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-44 മാലിന്യസംസ്കരണത്തിന് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പ്രവർത്തന സജ്ജമായില്ല.

പ്രോജക്റ്റ് നം. 128/23

മാലിന്യസംസ്കരണത്തിന് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം(സ്പിൽ ഓവർ)

വിനിയോഗിച്ച തുക - 57,259 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം. XVFC/2022-23/P/23/ 10.03.23 - 2769 രൂപ
വൗച്ചർ നം. XVFC/2022-23/P/21/ 15.10.22 - 4615 രൂപ
വൗച്ചർ നം. XVFC/2022-23/P/48/ 10.03.23 - 49,875 രൂപ

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും വിലയിരുത്താനും സഹായകരമായ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുന്നതിന്റെ ഭാഗമായി കെൽട്രോൺ തിരുവനന്തപുരത്തിൽ നിന്നും 49,875 രൂപ ചെലവിൽ H P 240 G 8 ലാപ്ടോപ്പ് ഒരു എണ്ണം വാങ്ങിയിട്ടുണ്ട്. കൂടാതെ, ക്യൂ ആർ കോഡ് പ്രന്റിംഗ് ചാർജ് ഇനത്തിൽ 7384 രൂപയും നൽകിയിട്ടുണ്ട്. ക്യൂ ആർ കോഡ് പ്രന്റിംഗ് വീടുകളിൽ പതിപ്പിച്ചതിന്റെയും സിസ്റ്റം പ്രവർത്തനസജ്ജമായതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. സിസ്റ്റം പ്രവർത്തനസജ്ജമാക്കി വിവരമറിയിക്കേണ്ടതാണ്. അപാകതക പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.18/22-23/20.11.23 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-45 ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി. എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി. എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം

വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ വൈദ്യുതീകരണ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം.45/23

പാലക്കയം പെരുവമ്പടം അംഗനവാടി വയറിംഗ് (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 1,37,280 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽനം.7/22-23/ 12.08.22 – 1,37,280 രൂപ

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

3). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും, ബിൽ തയ്യാറാക്കുന്നതിനുള്ള തുക ഉൾപ്പെടെ (ആകെ 4752രൂപ) ശ്രീ.അലി കുന്നത്ത് ( (ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ കമ്മറ്റി (ഇലക്ട്രിക്കൽ)അംഗം) യുടെ 16000100002769 (ഫെഡറൽ ബാങ്ക്) ബാങ്ക് അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്.

4)എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനൽ (ശ്രീ.അബൂബക്കർ, ശ്രീ.അലി കുന്നത്ത്, ശ്രീ.അബ്ദുൾ ഗഫൂർ കെഎൻ). തന്നെയാണ് നിർവഹിക്കുന്നത്.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/22-23/21.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-46 മുറ്റത്തൊരു മൽസ്യത്തോട്ടം (എസ് ടി ) പദ്ധതി – ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.

പ്രോജക്റ്റ് നം. 180/23

മുറ്റത്തൊരു മൽസ്യത്തോട്ടം (എസ് ടി ) പദ്ധതി

വിനിയോഗിച്ച തുക – 3,60,000 രൂപ (പ്ലാൻ -ടി എസ് പി )

BRN 2215075203041523423/ 28.03.23 - 3,60,000 രൂപ

നിർവ്വഹണം - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

താൽപ്പര്യരായ 18 പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് 75 സെന്റീമീറ്റർ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റും 75 സെന്റീമീറ്റർ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുതവിരിക്കൽ 125 സെന്റീമീറ്റർ ഉയരത്തിൽ ജലം നിറക്കൽ സംരക്ഷിതവല സ്ഥാപിക്കൽ എന്നിവ നിർവ്വഹിച്ച് കൊണ്ട് മൽസ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പദ്ധതി.

പദ്ധതി ഗുണഭോക്താക്കൾക്ക് നേരിട്ട് നിർവ്വഹണം നടത്താമെങ്കിലും, ടെണ്ടർ മുഖേന തെരഞ്ഞെടുത്ത ഹക്കീം കെല്ലംപറമ്പിൽ മൈലാടി അകമ്പാടം എന്ന വ്യക്തി മുഖേനയാണ് കുളം കുഴിക്കൽ പോളിത്തീൻ ഷീറ്റ്, അനുബന്ധസാമഗ്രികൾ വാട്ടർപമ്പ്, വെഞ്ചുറിപമ്പ് , സംരക്ഷിതവല മറ്റു ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുള്ളത്. കുളം കുഴിക്കുന്നതിന് 4000 രൂപയും മറ്റുപ്രവൃത്തികൾക്ക് 16,000 രൂപയും ഉൾപ്പെടെ 20,000 രൂപയാണ് ഓരോ ഗുണഭോക്താവിനും അനുവദിച്ചിട്ടുള്ളത്. ഫിഷറീസ് വകുപ്പ് മുഖേന നേരിട്ട് സൗജന്യമായി 250 വരാൽ മൽസ്യകുഞ്ഞുങ്ങളെയാണ് ഓരോ ഗുണഭോക്താവിനും നൽകിയത്.

പദ്ധതി സംബന്ധിച്ച് ഫിഷറീസ് വകുപ്പ് പ്രമോട്ടറുടെ സാന്നിധ്യത്തിൽ പാലക്കയം കോളനി, വെണ്ണേക്കോട് കോളനി , കണ്ണംകുണ്ട് കോളനി എന്നിവിടങ്ങളിലെ 11 ഗുണഭോക്താക്കളുടെ മീൻതോട്ടം നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 11 പേരിൽ മൂന്നുപേർ മാത്രമാണ്(ഉഷാ കൃഷ്ണൻകുട്ടി പാലക്കയം കോളനി , കറുപ്പൻ അകമ്പാടം, ചെറിയ ചൈരൻ പാലക്കയം കോളനി) ഭേദപ്പെട്ട രീതിയിലെങ്കിലും മീൻ തോട്ടം പരിപാലിക്കുന്നതായി കണ്ടത്. ആയവയിലും 250 ൽ ഭൂരിഭാഗം മൽസ്യങ്ങളും നശിച്ചു. വെറും തീറ്റകൊടുക്കൽ മാത്രമാണ് നടക്കുന്നത് എന്നും ഇതുകൊണ്ട് ഒരു ഗുണവും ഉണ്ടായിട്ടില്ലെന്ന് പ്രസ്തുത ഗുണഭോക്താക്കൾ അറിയിച്ചു. അവശേഷിച്ച മീൻതോട്ടങ്ങളിൽ ചിലതിൽ നാമമാത്രവും അവശേഷിച്ചവയിൽ ഒട്ടും മൽസ്യങ്ങൾ ഇല്ലാതെ ഉപേക്ഷിച്ച നിലയിലും കണ്ടെത്തി.

2)ഏതിനം മൽസ്യമാണ് ഇത്തരം കളങ്ങളിൽ വളരാൻ അനുയോജ്യം എന്നു നിശ്ചയിച്ചതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. വരാൽ മൽസ്യകുഞ്ഞുങ്ങളെയാണ് ഓരോ ഗുണഭോക്താവിനും നൽകിയത്. ഇത്തരം കുളങ്ങളിൽ വളർത്താൻ വരാൽ മൽസ്യം അനുയോജ്യമല്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ മൽസ്യം വളർച്ചക്ക് അനുസരിച്ച് ഉയരത്തിൽ ചാടുന്ന സ്വഭാവമുള്ളതിനാൽ പുറത്തേക്ക് ചാടിയാണ് മത്സ്യങ്ങൾ നഷ്ടപ്പെട്ടതെന്ന് ഗുണഭോക്താക്കൾ അറിയിച്ചു.

3)സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീ.28.05.2022 പ്രകാരം മൽസ്യകൃഷിയെ ഫിഷറീസ് ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണം. എന്നാൽ ആയത് പാലിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ആർക്കും തന്നെ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമായിട്ടുമില്ല. ആയത് നിർവ്വഹണത്തിൽ വന്ന ഗുരുതരമായ വീഴ്ചയാണ്.

4)കുളം നിർമ്മിക്കുന്നതിന് തൊഴിലുറപ്പുപദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്താൻ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)നം.115/2022/ തസ്വഭവ തീ.28.05.2022 പ്രകാരം) ആയത് പാലിച്ചിട്ടില്ല.

ചരിവുള്ള ഭൂമിയിൽ പടുതകുളം നിർമ്മിച്ചതും, ജലലഭ്യത ഉറപ്പു വരുത്താതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും (ഉദാ.ബാലൻ കണ്ണകുണ്ട് കോളനി )ഗുണഭോക്താകളുടെ താല്പര്യകുറവും ശരിയായ പരിപാലത്തിന്റെ അഭാവവും പദ്ധതി ലക്ഷ്യം നേടുന്നതിൽ വിഘാതമായിട്ടുണ്ട്.

ചിട്ടയായ പരിചരണത്തിലൂടെയും കഠിനാധ്വാനത്തിലൂടെയും മാത്രം, എന്നിരുന്നാലും മറ്റുപദ്ധതികളെ പോലെ പെട്ടെന്ന് മികച്ച നേട്ടം ഉണ്ടാക്കിയെടുക്കാൻ സാധ്യമല്ലാത്ത പദ്ധതി മികച്ച ആസൂത്രണമില്ലാതെ നടപ്പിലാക്കിയത് പദ്ധതി പാളിപോകാൻ കാരണമായിട്ടുണ്ട്.

സ്വന്തം വീട്ടുവളപ്പിൽ മൽസ്യം ഉല്പാദിപ്പിക്കുക, ചെറുവരുമാനം നേടുന്നതിൽ പ്രപ്തരാക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ജില്ലയിൽ ആദ്യമായി പട്ടികവർഗ്ഗകോളനികളിൽ ആരംഭിച്ച പദ്ധതിയിൽ വിഭാവനം ചെയ്തപോലെ ലക്ഷ്യം കൈവരിച്ച ഒരു ഗുണഭോക്താവിനെ പോലും കണ്ടെത്തിയില്ല.

നിലവിൽ ഭൂരിഭാഗം മീൻകുളങ്ങളും ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. എന്നിരുന്നാലും ഇവിടങ്ങളിൽ വളർത്താൻ അനുയോജ്യമായ മൽസ്യകുഞ്ഞുങ്ങളുടെ വിതരണത്തിലൂടെയും ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയും തൊഴിൽ അവബോധം വളർത്തിയും വീണ്ടും ഉപയോഗപ്രദമാക്കാവുന്നതാണ്. അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.25/22-23/21.11.23 – മറുപടി ലഭ്യമാക്കിയില്ല.)

## 1-47 അഗതി രഹിത കേരളം പദ്ധതി – അവലോകനം

അഗതി രഹിത കേരളം പദ്ധതിയുടെ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ 31.03.2023 ന് 9,05,501 രൂപയും,01.11.2023 ന് 9,24,940രൂപയും നീക്കിയിരിപ്പുണ്ട്. 2019-20 സാമ്പത്തിക വർഷമാണ് അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത് . മറ്റു ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിഭിന്നമായി അഗതി രഹിത കേരളം (ജനറൽ), അഗതി രഹിത കേരളം (ട്രൈബൽ) എന്നീ രണ്ട് പ്രോജക്റ്റുകളായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.ആശ്രയ പദ്ധതി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 14,57,713 രൂപ യാണ് പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുള്ളത്. മറ്റു ഫണ്ടുകൾ ഒന്നും തന്നെ പദ്ധതിക്കായി ലഭിച്ചിട്ടില്ല. ആയതിൽ തന്നെ പദ്ധതി അവസാനിക്കുമ്പോൾ മേൽ പ്രകാരം തുക ബാക്കിയാണ്. നടപ്പുവർഷത്തിൽ അഗതി രഹിത കേരളം (ട്രൈബൽ) പദ്ധതിയിൽ ഭക്ഷ്യകിറ്റിനായി 24,800 രൂപ ചെലവഴിച്ചതൊഴികെ മറ്റു ചെലവുകൾ ഇല്ല.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ,ആവശ്യങ്ങൾ തുടങ്ങിയവ താഴെ പറയും പ്രകാരമാണ്.

| **അഗതി രഹിത കേരളം (ജനറൽ)** | | |
|---|---|---|
| വീട് റിപ്പയർ ആവശ്യമുള്ളവർ | 8 പേർ | മുഴവൻ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടവർ |
| ഭക്ഷണം ആവശ്യമുള്ളവർ | 65 പേർ | നാലു പേർ എസ് സി വിഭാഗത്തിൽ ഉൾപ്പെട്ടവർ |
| ചികിത്സ ആവശ്യമുള്ളവർ | 40 പേർ | നാലു പേർ എസ് സി വിഭാഗത്തിൽ ഉൾപ്പെട്ടവർ |
| **അഗതി രഹിത കേരളം (ട്രൈബൽ)** | | |
| ഭക്ഷണം ആവശ്യമുള്ളവർ | 28 പേർ | |
| ചിക്തസ ആവശ്യമുള്ളവർ | 12 പേർ | |

വീട് ആവശ്യമുള്ള ഗുണഭോക്താക്കൾ പദ്ധതിയിൽ ഉണ്ടെങ്കിലും അവർക്ക് ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം അനുവദിക്കുകയാണ് ചെയ്തുവരുന്നത് എന്നറിയിച്ചു. എന്നാൽ ആയത് സംബന്ധിച്ച ഒരു കണക്കും ലഭ്യമല്ല. ആവശ്യങ്ങളുടെ പട്ടികയിലും പ്രസ്തുത വിഭാഗങ്ങളുടെ വിവരമില്ല. ആയതിനാൽ എപ്രകാരമാണ് ഭവനം അനുവദിക്കുന്നത് എന്ന് വ്യക്തമല്ല.

വീട് റിപ്പയർ 8 കുടുംബങ്ങൾക്ക് ആവശ്യമുണ്ടെങ്കിലും നാലു പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത് .

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് പ്രകാരം എ എ വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ റേഷൻ കടകളിൽ നിന്നോ മറ്റു സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങിനൽകാവുന്നതും, ഭക്ഷ്യധാന്യങ്ങളുടെയും പരിപ്പു വർഗ്ഗങ്ങളുടെയും വിതരണം സി ഡി എസും ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളും ഉറപ്പു വരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും ലഭ്യമാകുന്നതിൽ കൂടുതൽ ധാന്യം നൽകേണ്ടതുണ്ടെങ്കിൽ മാത്രമാണ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നത്. റേഷൻകാർഡില്ലാത്ത

അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ പരമാവധി ഒരു വർഷത്തേക്ക് മാത്രമാണ് നൽകാവുന്നത്. ഇതിനും പുറമേ പോഷകാഹാര കിറ്റും പ്രതിമാസം നൽകാവുന്നതാണ്. ഒരു അംഗത്തിന് പ്രതിമാസം 500 രൂപയും, രണ്ട് അംഗങ്ങളുള്ള കുടുംബത്തിന് 700 രൂപയും, മൂന്നോ അതിൽ കൂടുതലോ അംഗങ്ങളുള്ള കുടുംബത്തിന് 900 രൂപയുമാണ് ഇക്കാര്യത്തിൽ വിനിയോഗിക്കാവുന്നത്. പോഷകാഹാരകുറവുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ പി എച്ച് സി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും, പോഷണത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തേണ്ടതും ഒരു ഹെൽത്ത് കാർഡിൽ വിവരം രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതുമാണ്. ഭക്ഷണം പാചകം ചെയ്യുന്നതിന് ശേഷിയില്ലാത്തവർക്ക് ഭക്ഷണം പാചകം ചെയ്ത് വിതരണം നടത്തണം. ദൗർഭാഗ്യവശാൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനപ്പുറം കാര്യങ്ങൾ നടത്തിട്ടില്ല.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം എന്നാൽ 2021-22 വർഷത്തിൽ മൂന്നുവർഷം പിന്നിട്ടതിനാൽ അഗതി രഹിത കേരളം (ട്രൈബൽ) പദ്ധതിയിൽ ആദ്യ മൂന്നുമാസങ്ങളിൽ ഭക്ഷ്യവിതരണം നടത്തിയതൊഴിച്ചാൽ തൻവർഷം ഭക്ഷ്യകിറ്റ് വിതരണം സാധ്യമായിട്ടില്ല. പദ്ധതിയുടെ പഞ്ചായത്തുതല വിലയിരുത്തൽ സമിതി ചേർന്ന് വീണ്ടും തുക ചെലവഴിക്കാൻ നടപടി സ്വീകരിക്കുവാൻ ആലോചിക്കുന്നതായി അറിയിച്ചു. എന്നാൽ അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

കൂടാതെ, പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല.

പദ്ധതി ഗുണഭോക്താക്കളുടെ ആവശ്യം നിർണ്ണയിച്ചതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഭക്ഷ്യകിറ്റ് നൽകുന്നതൊഴിച്ചാൽ മാറ്റാവശ്യങ്ങൾ നിർണ്ണയിച്ചിട്ടില്ല. അഗതി രഹിത കേരളം (ട്രൈബൽ) പദ്ധതിയിൽ, പട്ടിക വർഗ്ഗവകുപ്പ് മുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ചൂണ്ടക്കാട്ടി മറ്റു ആവശ്യങ്ങൾ നിർണ്ണയിക്കപ്പെട്ടില്ല.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്. പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 32/22-23 /22.11.23)

## 1-48 ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച്

കേരളത്തിലെ നഗര, ഗ്രാമ പ്രദേശങ്ങളെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ് മാലിന്യനിർമ്മാർജനം. നിർമ്മിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമായിരിക്കേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. സുസ്ഥിര മാലിന്യനിർമ്മാർജന പദ്ധതികൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിതകർമ്മസേന. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.7.17 ലെ സ.ഉ (സാധ)നം 2420/2017 /തസ്വഭവ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. 12.8.20ലെ സ.ഉ(സാധ)നം 1496/20 തസ്വഭവ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗരേഖ അംഗീകരിച്ചതുമാണ്.

നിലവിൽ 22 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 14 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ നിലവിലെ അംഗങ്ങൾ തന്നെ മുഴവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ഗ്രീൻവോംസ് എക്കോസൊല്യൂഷ്യൻസ് എൽ എൽ പി കാലിക്കറ്റ് എന്ന ഏജൻസിക്ക് നൽകുമ്പാൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം. ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ലഭ്യമായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ വെളിവായ വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് ശ്രീ.ജോഷി പടവിൽ വീട് ഇടിവണ്ണ പി ഒ എന്നയാളുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു എം സി എഫ് മാത്രമാണ് നിലവിലുള്ളത്. മിനി എം സി എഫുകളില്ല. പ്രതിമാസം 10,000രൂപ കെട്ടിടവാടക ഗ്രാമപഞ്ചായത്ത് നൽകി വരുന്നു.

എംസിഎഫിന് ചുറ്റുമതിൽ ഇല്ല. കാട്ടാന ശല്യമുള്ള പ്രദേശത്താണ് എം സി എഫ് . മാലിന്യങ്ങൾ തരം തിരിക്കുന്നതിന് എംസിഎഫിൽ സ്ഥലസൗകര്യമില്ലാത്തതിനാൽ ടാർപോളിൻഷീറ്റ് പുറത്തേക്ക് വലിച്ചു കെട്ടിയിരിക്കുകയാണ്. നിലവിൽ എംസിഎഫിൽ വെയിംഗ് മെഷിൻ മാത്രമെ ഉള്ളൂ. കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടില്ല. ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വസ്ത്രം മാറാനും സാനിറ്റേഷൻ ആവശ്യങ്ങൾക്കുമുള്ള സൗകര്യങ്ങൾ ഇല്ല.

2. വിവിധ വാർഡുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ എം സി എഫിൽ എത്തിക്കുന്നതിന് സ്വന്തമായി വാഹനസൗകര്യം ഇല്ല . വാടകക്ക് വാഹനം വിളിക്കുകയാണ് ചെയ്യുന്നത്. നിലവിൽ 4795 വീടുകളിൽ നിന്നും 354 വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 7 റിസോർട്ടുകളിൽ നിന്നുമാണ് മാലിന്യം ശേഖരിക്കുന്നത്.

3. ഹരിത കർമ്മസേനയുടെ രജിസ്റ്ററുകളും മറ്റു രേഖകളും സൂക്ഷിക്കുന്നതിന് ആവശ്യമായ ഫർണ്ണീച്ചർ സൗകര്യങ്ങൾ നിലവിലില്ല.

4.ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 25.06.2020 ൽ 40171101049802 നമ്പരിൽ കേരള ഗ്രാമീൺ ബാങ്ക് എരഞ്ഞിമങ്ങാട് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ട്. സേനാംഗങ്ങൾക്ക് യൂസർഫീസ് പിരിക്കുന്നതിനുള്ള രശീതി ബുക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുകയാണ് ചെയ്തു വരുന്നത് ആയതിന്റെവിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ശരിയായ സ്റ്റോക്ക് ഇഷ്യൂ വിവരം ലഭ്യമാക്കേണ്ടതാണ്.

5.മാലിന്യ ശേഖരണത്തിനുള്ള ചെലവുകൾ കണ്ടെത്തുന്നതിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. വീടുകൾക്ക് 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേകം രസീത് ബുക്കുകളും അച്ചടിച്ചിട്ടുണ്ട്. കളക്ഷൻ ബുക്ക് ഹരിത കർമ്മസേനയും കളക്ഷൻ കാർഡ് വീടുകളിലും സൂക്ഷിക്കേണ്ടതാണ്. കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6) 22 പേരാണ് നിലവിൽ ഹരിതകർമസേനയിൽ അംഗങ്ങളായിട്ടുള്ളത്. ഒരു കൺസോർഷ്യം (ഹരിതം) മാത്രമാണ് നിലവിൽ പ്രവർത്തിച്ചവരുന്നത്.

7) ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

8)സ.ഉ(സാധാ) നം 2341/2022/LSGD തി. 26.9.22 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപനതലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം തയ്യാറാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് 57,259 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സിസ്റ്റം പ്രവർത്തനസജ്ജമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 42/22-23/ 22.11.23 )

## 1-49 മുൻകൂറുകൾ ക്രമീകരിച്ചില്ല

താഴെ പറയും പ്രകാരം തനത്ഫണ്ടിൽ നിന്നും യാത്രാബത്ത അഡ്വാൻസായി സെക്രട്ടറി നൽകിയിട്ടുണ്ട്.

| വൗച്ചർ നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 22200219/13.07.22 | 2500 | ശ്രീ.മനോഹരൻ, പ്രസിഡണ്ടിന് നൽകിയ തുക |
| 22200220/13.07.22 | 2500 | ശ്രീമതി. ഗീത ദേവദാസ്,വൈസ് പ്രസിഡണ്ടിന് നൽകിയ തുക |
| 22200221/13.07.22 | 7500 | ശ്രീ. സുരേഷ് തോണിയിൽ, ശ്രീമതി ബീന നടുവത്താനി, ശ്രീമതി സുമയ്യ പൊന്നംകടവൻ<br>സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ/ചെയർപെഴ്സൺമാർക്ക് നൽകിയ തുക 2500രൂപ വീതം നൽകിയ തുക |
| 22200222/13.07.22 | 8000 | ശ്രീമതി മിനി മോഹൻദാസ് ,സിബി അമ്പാട്ട് ,മഞ്ജു അനിൽ, ജയശ്രീ ടി വി എന്നീ മെമ്പർമാർക്ക് 2000രൂപ വീതം നൽകിയ തുക |
| **ആകെ** | **20,500** | |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം തുക വിനിയോഗിച്ച് മൂന്ന് മാസത്തിനകം വിശദമായ വൗച്ചറുകൾ സഹിതം ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കേണ്ടതുമാണ്.എന്നാൽ നാളിതുവരെയും പ്രസ്തുത മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.ആയത് ചട്ടപ്രകാരം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 43/22-23/22.11.23 – മറുപടി ലഭ്യമാക്കിയില്ല.)

## 1-50 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് – വിവരം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് വിവരങ്ങൾ പരിശോധിച്ചതിൽ കൺസ്യൂമർനം. 1167965005403 ൽ

മാത്രം പ്രതിമാസം 9353 രൂപ (വൗച്ചർ നം. 22200103/17.05.23 ) അടവാക്കി വരുന്നു. (നിലവിൽ ആയത് 10443 രൂപയാണ്) എന്നാൽ പ്രസ്തുത കൺസ്യൂമർ നമ്പറിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. എന്തുകൊണ്ടാണ് പ്രസ്തുത കൺസ്യൂമർ നമ്പറിൽ മാത്രം ഉയർന്ന തുക അടവാക്കുന്നത് എന്നതിന് കൃത്യമായ ഉത്തരമില്ല. കെ എസ് ഇ ബിയുമായി ബന്ധപ്പെട്ട് വിവരം പരിശോധിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 47/22-23/22.11.23 – മറുപടി ലഭ്യമാക്കിയില്ല.)

## ഭാഗം –2

## വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി – കരാറുകാരന് അധിക തുക നൽകി, 11714 രൂപയുടെ അധികച്ചെലവ്

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാറക്കോട് S T കോളനി പൊതു ശൗചാലയം എന്ന പ്രവൃത്തിയുടെ ഇനം 17ആയി സ്റ്റെയിൻലസ് സ്റ്റീൽ വാട്ടർ ക്ലോസറ്റ് (ഫ്ലഷിങ് സിസ്റ്റം ഉൾപെടെ) 2 എണ്ണം സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ സാധാരണ ഉപയോഗിച്ച് വരുന്ന ഒറീസ പാറ്റേൺ വാട്ടർ ക്ലോസറ്റ് (ഫ്ലഷിങ് സിസ്റ്റം ഉൾപെടെ) ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് 20-11-2023 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക<br>DSR 17.1.2 | നൽകാവുന്ന തുക<br>DSR 17.1.1 | അധികം |
|---|---|---|---|
| പാറക്കോട് S T കോളനി പൊതു ശൗചാലയം (105/23)<br>അടങ്കൽ: 255352 (CFC ഗ്രാന്റ്)<br>ചെലവ്: 253933<br>BRN: 2215075202610047701l/29-8-22 Rs-193779<br>BRN: 2215075202610134519З/14-3-23 Rs-60154<br>കരാറുകാരൻ: സുനിൽകുമാർ ഇ ആർ<br>കരാർ 100/17-3.2022<br>അളവ് പുസ്തകം: 7/22-23,36/22-23<br>കോസ്റ്റ് ഇൻഡക്സ് 36.44% | 23302.58<br>@11651.29/each | 12843.24<br>@6421.62/each | 10459.34<br>(+) 12% GST 1255.12<br>ആകെ: 11714.46<br>Ie 11714/- |

ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 11714/-രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 33/22 -11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

### 3-2 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 8117 രൂപയുടെ അധികച്ചെലവ്.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ്എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ചില പ്രവൃത്തികൾക്ക് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2018,C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 20-11-2023 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന പ്രവൃത്തിയിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം

MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 18900/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2018,Cost Index 36.44% പ്രകാരം | 8358.30-8036.83 = 321.47 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|
| എരഞ്ഞിമങ്ങാട് ഹെൽത്ത് സെന്റർ റോഡ് റീ-കോൺക്രീറ്റ്, 334/23<br>അടങ്കൽ: 250000 രൂപ ( MG-NR )<br>കരാറുകാരൻ: ശ്രീ ഷിജാസ് ഒ കെ<br>കരാർ: 425/22-23/25-1-23(28.9% Below ER)<br>ചെലവ്: 235421 രൂപ<br>BRN: 22150752026101345183/14-3-23<br>അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 11-2-23 | 33.00 M3 | 33.00 M3x321.47 = 10608.51<br>(-)ടെണ്ടർ കുറവ്: 28.9%= 3065.85<br>ബാക്കി: 7542.66<br>(+) 18% GST: = 1357.67<br>ആകെ: 8900.33<br>ആകെ നീളം ചെയ്യേണ്ടത്: 90.5x2= 181.00 മീറ്റർ<br>ചെയ്തത്: ഒരു ഭാഗം 16 മീറ്റർ<br>ie 8.8% (16/181x100)<br>അധികം: 8117.11 (8900.33-8.8%)<br>Rounded: 8117 രൂപ |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ചെയ്തതിനുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 8117/- രൂപ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ ( അസിസ്റ്റന്റ്എഞ്ചിനീയർ) നിന്നോ ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 39/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-3 റോഡ് ടാറിങ് , സീൽ കോട്ട് പ്രവൃത്തിക്ക് അധിക തുക നൽകി.6500 രൂപയുടെ അധികച്ചെലവ്

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി സീൽ കോട്ട് പ്രവൃത്തി ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 5.12.A.1.2a (Type A)/ പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 5.12.A.3.2a (Type C)/ പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം) |
|---|---|---|---|---|---|
| 1 | ആറംകോട് കണ്ണംകുണ്ട് കൊമ്പൻകല്ല് റോഡ് ടാറിങ് സെക്കന്റ് റീച്ച് (79/23)<br>അടങ്കൽ: 400000 (MG റോഡ്)<br>സാങ്കേതികാനുമതി:21-22/27532 /25-5-21<br>ചെലവ്: 396767<br>22150752026100064486/29-4-22 /25.3.2022<br>കരാറുകാരൻ: ഗഫൂർ കെ<br>കരാർ 21/21-22/29-7-21<br>അളവ് പുസ്തകം 89/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 415.75 M2 | 32553.23 @78.30/m2 | 26749.35 @64.34/m2 | 5803.87<br>(+)Gst 12%: 696.46<br>6500.33<br>ie 6500/- |

തെറ്റായ കോഡ് പ്രകാരമുള്ള നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ 6500/-രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 40/22-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-4 ലൈഫ് ഭവന നിർമ്മാണ പദ്ധതി - അധിക തുക അനുവദിച്ചു - 2,20,000/- രൂപ നഷ്ടം.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 51/23 |
| പ്രൊജക്റ്റിന്റെ പേര് | ലൈഫ് ഭവന നിർമ്മാണ പദ്ധതി - പട്ടികവർഗ്ഗം. |
| അടങ്കൽ തുക | 2,12,00,000/- രൂപ |
| ചെലവഴിച്ച തുക | 1,70,667/- രൂപ (വികസന ഫണ്ട് - ടി.എസ്.പി)<br>93,00,000/- രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>75,00,000/- രൂപ (ലോൺ)<br>3,60,000/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)<br>29,333/- രൂപ (തനത് ഫണ്ട്) |

നിർവ്വഹണോദ്യോഗസ്ഥ : വി.ഇ.ഒ.

ലൈഫ് മിഷൻ ഭവനപദ്ധതി പ്രകാരം എസ്.ടി വിഭാഗത്തിന് അധിക സഹായമുൾപ്പെടെ അനുവദിക്കാവുന്ന പരമാവധി ധനസഹായം 6,00,000/- രൂപയാണ്. എന്നാൽ ശ്രീ.ശ്രീരാജ്, S/o.രാമൻ, പാലക്കയം കോളനി, ഇടിവണ്ണ.പി.ഒ എന്ന ഗുണഭോക്താവിന് 7,40,000/- രൂപയും ശ്രീമതി.വാസന്തി.കെ.ആർ, W/0.പ്രകാശ്, തരിപ്പപൊയിൽ ഹൗസ്, കക്കാടംപൊയിൽ, കൂടരഞ്ഞി.പി.ഒ എന്ന ഗുണഭോക്താവിന് 6,80,000/- രൂപയും അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1). ശ്രീ.ശ്രീരാജ്, S/o.രാമൻ

| ക്രമ നമ്പർ | വൌച്ചർ നമ്പർ / തീയതി | ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|---|
| 1 | 2021-22 / 12.10.2021 (Plan) | 40,000/- |
| 2 | 2021-22 / 27.01.2022 (Plan) | 40,000/- |
| 3 | 2021-22 / 24.02.2022 (DP) | 40,000/- |
| 4 | 22200597 / 15.11.2022 (SS) | 40,000/- |
| 5 | 22200072 / 06.05.2022 (SS) | 60,000/- |
| 6 | 22200872 / 14.02.2023 (SS) | 1,00,000/- |
| 7 | 2023-24 / 06.07.2023 (Loan) | 1,60,000/- |
| 8 | 2220119 / 31.03.2023 (SS) | 1,00,000/- |
| 9 | 22200159 / 18.06.2022 | 1,60,000/- |
| ആകെ | | 7,40,000/- |

2). ശ്രീമതി.വാസന്തി.കെ.ആർ, W/0.പ്രകാശ്.

| ക്രമ നമ്പർ | വൌച്ചർ നമ്പർ / തീയതി | ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1 | 2021-22 / 12.10.2021 (Plan) | 40,000/- |
| 2 | 2021-22 / 27.01.2022 (S.S) | 40,000/- |
| 3 | 22200072 / 06.05.2022 (S.S) | 60,000/- |
| 4 | 22150752026201084146 / 24.01.2023 (DP) | 20,000/- |
| 5 | 22201078 / 31.03.2023 (S.S) | 1,00,000/- |
| 6 | 22201079 / 29.03.2023 (S.S) | 1,00,000/- |
| 7 | 22201078 / 31.03.2023 (Loan) | 1,60,000/- |
| 8 | 22201079 / 06.07.2023 (Loan) | 1,60,000/- |
| ആകെ | | 6,80,000/- |

അധികമായി അനുവദിച്ച 2,20,000/- രൂപ (1,40,000 + 80,000) തിരികെ ഈടാക്കി ആദ്യ മറുപടിയുടെ കൂടെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 44/22.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-5 ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം – 21,700/- രൂപയുടെ അധികച്ചെലവ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 150/23 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം. |
| അടങ്കൽ തുക | 16,00,000/- രൂപ |
| ചെലവഴിച്ച തുക | 8,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>4,00,000/- രൂപ (ബ്ലോക്ക് പഞ്ചായത്ത്)<br>1,60,000/- രൂപ (ജില്ലാ പഞ്ചായത്ത്) |
| നിർവ്വഹണ ഉദ്യോഗസ്ഥ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം എന്ന പദ്ധതി പ്രകാരം 13,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത സംഭവിച്ചിട്ടുണ്ട്.

1). റാസിൻ.കെ.എസ്, S/o.സുൽഫീക്കർ, കാഞ്ഞിരംപാറ ഹൗസ്, മുട്ടിയേൽ, എരുമമുണ്ട.പി.ഒ, കുറുമ്പലങ്ങോട് എന്ന ശാരീരിക വെല്ലുവിളി നേരിടുന്ന (കേൾവിക്കുറവ്) ഏഴാം ക്ലാസ് വിദ്യാർത്ഥിക്ക് അർഹമായ പരമാവധി സ്കോളർഷിപ്പ് തുക 6,600/- രൂപയാണ്. ഈ വിദ്യാർത്ഥിക്ക് താഴെ പറയും പ്രകാരം 28,300/- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 22150752026600818024/ 25.11.2022 | 10,000/- |
| 2 | 22150752026601057985/ 18.01.2023 | 10,000/- |

| | | |
|---|---|---|
| 3 | 2215075202660107872З/ 18.01.2023 | 4,000/- |
| 4 | 22150752026601421502/ 21.03.2023 | 4,300/- |
| ആകെ | | 28,300/- |

അധികം നൽകിയ 21,700/- രൂപ തിരികെ ഈടാക്കി അറിയിക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 18/21.11.2023) അധികമായി അനുവദിച്ച തുക അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക അടവാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം ആദ്യ മറുപടിയുടെ കൂടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (150/23) | 400000 | 0 |
| | 659175 | സമഗ്ര നെൽകൃഷി വികസനം - (130/23) | 659175 | 0 |
| | 200000 | ലൈഫ് ഭവനപദ്ധതി - ജനറൽ (52/23) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 160000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (150/23) | 160000 | 0 |
| | 360000 | ലൈഫ് മിഷൻ പദ്ധതി - പട്ടിക വർഗ്ഗം (51/23) | 360000 | 0 |
| | 140000 | ലൈഫ് മിഷൻ പദ്ധതി - ജനറൽ (52/23) | 140000 | 0 |
| | 2000000 | ലൈഫ് മിഷൻ പദ്ധതി - പട്ടിക വർഗ്ഗം (166/23) | 2000000 | 0 |
| | 3000000 | ലൈഫ് മിഷൻ പദ്ധതി - ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ (167/23) | 3000000 | 0 |
| | 80000 | ലൈഫ് മിഷൻ പദ്ധതി - പട്ടിക ജാതി(50/23) | 80000 | 0 |
| | 840000 | ലൈഫ് മിഷൻ പദ്ധതി - പട്ടിക ജാതി(165/23) | 840000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ(1/23) | XVFC/22-23 /P/66/ 31.03.23 | 14,00,000 രൂപ | ० | പൂർത്തീകരിച്ചിട്ടില്ല | 14,00,000 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | 2,4,5,8,10 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ(314/23) | 32/31.03.23 | 7,28,252രൂപ | 0 | പൂർത്തീകരിച്ചിട്ടില്ല | 7,28,252രൂപ |
| ഭൂജല വകുപ്പ് | പെരുവമ്പാടം ജനറൽ അഗൻവാടി കുഴൽകിണർ നിർമ്മാണം(288/23) | 184/21-11-22 | 58,535രൂപ | 0 | പൂർത്തീകരിച്ചിട്ടില്ല | 58,535രൂപ |
| | പെരുവമ്പാടം കോളനി അഗൻവാടി കുഴൽകിണർ നിർമ്മാണം(289/23) | 185/21-11-22 | 61,845രൂപ | 0 | പൂർത്തീകരിച്ചിട്ടില്ല | 61,845രൂപ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)-2278/LSGD/ 18.08.18 | 19360000 | 14360000 | 3301251 | 0 | 30418749 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച25223/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 20,435 | മൊളി ആൻഡ്രൂസ് കൺവീനർ | 1220100568/13-7-22 |
| 2020-21 | 1-16-1 | 4,788 | അസി.എഞ്ചിനീയർ | 1220100646/22-7-22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ. | വിഷയം. | നിലവിലെ അവസ്ഥ. |
|---|---|---|---|
| 2007-08 | 2011-12 അനുബന്ധം 9 | മരാമത്ത് വർക്കുകളുടെ അവലോകനം. | -- |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.*

| *ക്ര നം* | *റിപ്പോർട്ട് വർഷം* | *ഖണ്ഡിക നമ്പർ* | *ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.* | *ചാർജ്ജ് സർട്ടിഫിക്കറ്റ്* | | *സ്വയം അടവാക്കിയ തുക (രസീത് നമ്പർ,* | *റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ* | *കോടതി വ്യവഹാരങ്ങളിൽ* | | *ആകെ ലഭ്യമായ തുക* | *അവശേഷിക്കുന്ന തുക* |
|---|---|---|---|---|---|---|---|---|---|---|---|
| | | | | *നമ്പറും* | *തുക* | | | *ഉൾപെട്ട* | *ഈടാ* | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | തിയ്യതിയും | | തിയ്യതി) | തുക, രസീത് | തുക | ക്കിയ തുക | | |
| | | | ഇല്ല | | | | | | | | |

***ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.***

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | *ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.* | *സർചാർജ് സർട്ടിഫിക്കറ്റ്* | | *സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി)* | *റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്* | *ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ* | കോടതി വ്യവഹാരങ്ങളിൽ | | *ആകെ ലഭ്യമായ തുക* | *അവശേഷിക്കുന്ന തുക* |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2007-08 | 3-12 | ശ്രീ.രവീന്ദ്രൻ, സെക്രട്ടറി | LF.24328/ Spl.Cell/CSC /D1/2012 Dt.15.06.2015 | 262600 | | 0 | ഇല്ല | 0 | 0 | 0 | 262600 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 19,91,76,648 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 17,87,64,401 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,68,031 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 86,89,546 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11714 | ശ്രീ. അബ്ദുൽകരീം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 8117 | ശ്രീ. അബ്ദുൽകരീം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 6500 | ശ്രീ. അബ്ദുൽകരീം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 220000 | ശ്രീമതി. ശ്യാമളാദേവി,വി.ഇ.ഒ |
| 3-5 | | 21700 | ശ്രീമതി. സുലൈഖ. കെ. ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 268031 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ക്രമ നം | ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 1-22 | 18,90,000 | ശ്രീമതി.ശ്യാമള ദേവി.കെ, വി.ഇ.ഒ |
| 2 | 1-37-1 | 20,99,622 | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3 | 1-37-2 | 20,0,000 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 4 | 1-37-3 | 1,86,084 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 5 | 1-37-4 | 57,838 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | 1-39 | 20,55,000 | ശ്രീ ഷാഹുൽ ഹമീദ്,സെക്രട്ടറി |
| 7 | 1-40 | 21,28,252 | ശ്രീ ഷാഹുൽ ഹമീദ്,സെക്രട്ടറി |
| 8 | 1-41 | 72,750 | ശ്രീ വിനോദ്,ഹെഡ്മാസ്റ്റർ |
| ആകെ | | 86,89,546 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൽ കരീം പാലപ്പറ്റ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചാലിയാർ ഗ്രാമപഞ്ചായത്ത്. | പുത്തൻപള്ളിയാലിൽ വീട്, എടവണ്ണ വഴി, പന്നിപ്പാറ പി.ഒ, മലപ്പുറം- 676541 |
| ശ്രീമതി.ശ്യാമള ദേവി.കെ | വി.ഇ.ഒ, ചാലിയാർ ഗ്രാമപഞ്ചായത്ത്. | അമൃത ഭവൻ (വീട്), അകമ്പാടം, എരഞ്ഞിമങ്ങാട്, മലപ്പുറം -679 329 |
| ശ്രീമതി.സുലൈഖ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | ഏറിയാട്ടുകുഴിയിൽ വീട്, പൂക്കോട്ടുംപാടം, മലപ്പുറം -679 332 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97-(ജെ.ആർ.വൈ) | എൽ.എഫ്.എം.13/1239/1999 തി.09.11.1999 | 2 |
| 1997-98 (സ്പെ.റിപ്പോർട്ട്) | എൽ.എഫ്.എം.13/1316/1999(1) തി.05.02.2003 | 113 |
| 1999-00 | കെ.എസ്.എ.എം.പി.എം.5/2022(4)തി.13.10.22 | 4 |
| 2000-01 | കെ.എസ്.എ.എം.പി.എം.5/2022(5)തി.04.05.23 | 6 |
| 2004-05 | കെ.എസ്.എ.എം.പി.എം.5/2022(6)തി.10.07.23 | 2 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ.എം.പി.എം.5/61/2012 തി.04.05.2023 | 2 |
| 2008-09 | കെ.എസ്.എ.എം.പി.എം.5/2022(9)തി.04.05.2023 | 1 |
| 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.5/2022(10)തി.04.05.2023 | 7 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.5/2022(11)തി.04.05.2023 | 2 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.5/1628/2016 തി:25.04.2023 | 7 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3083/2016 തി:25.04.2023 | 4 |
| 2018-19 | കെ.എസ്.എ.എം.പി.എം.5/458/2020 തി:25.04.2023 | 7 |
| 2019-20 | കെ.എസ്.എ.എം.പി.എം.5/516 /2022തി:06.08.2022 | 13 |
| 2020-21 | കെ.എസ്.എ.എം.പി.എം.5/517 /2022തി:06.08.2022 | 19 |
| 2021-22 | കെ.എസ്.എ.എം.പി.എം.5/301 /2023തി:23.03.2023 | 32 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 20-07-2023 and submitted on 02-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chaliyar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chaliyar Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Chaliyar Grama Panchayat for the Year 2022-2023 .

**1.Major Observations**

nil

**2.Other Observations**

1)Asset Register is not uptodated.

2)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios

ii. Notes on accounts

iii. Comparative amounts)

3)Calculated Worksheet of Depreciation of Fixed Assets is not produced for verification.

4)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

5)Total Receipt of General Purpose Grant as per Annual Financial Statement is not tally with A C R

6)The Details of Tour T A Advance of Rs.20,500 as per schedule B-17 of Annual Financial Statement is not produced for verification

7)Opening balance under the head of Advance to MGNREGS Administrative Expenses is RS.13,26,322 as per Advance same is nil as per previous year Annual Fin

8)Opening balance under the head of Advance to Implementing officers is not tally with the closing balance of previous year Annual Financial Statement

9)Opening balance under the head of Advance to Others is not tally with the closing balance of previous year Annual Financial

Statement

10)Figures under the head of Panchayath General Fund and Exess of Income over Expenditure is not tally with the closing balance of previous year Annual Financial Statement

11)The following liabilities as per previous year A F S (Schedule B-4) is not included in Current year A F S.reason of the same must be explained.

| | |
|---|---|
| Contributions for Joint venture Project from Block Panchayath (For Revenue Expenditure) | 3,68,587 |
| Contributions for Joint venture Project from District Panchayath (For Revenue Expenditure) | 16108 |
| Contributions for other specific Purposes (For Revenue Expenditure) | 27,600 |

12)The total figure of C F C Grant and Untied as per schedule B-4 of Balance Sheet is not tally with the total as per schedule B-17 of Balance Sheet

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്